# 62

# ക്രിസ്തുവിനോടുകൂടെ വാഴൽ!

## (20:4- 6)

ബൈബിളിലെ ഏറ്റവും വിവാദപരമായ പുസ്തകത്തിലെ ഏറ്റവും വിവാദപരമായ ഭാഗത്തിലാണ് നാം ഇപ്പോൾ എത്തിയിരിക്കുന്നത്: അതാണ് വെളിപ്പാട് 20 ന്റെ 4 മുതൽ 6 വരെയുള്ള വാക്യങ്ങൾ. 20:1–3–ൽ, സാത്താനെ ആയിരമാണ്ടേക്ക് കെട്ടിയതായി നാം കണ്ടു. തുടർന്ന് നാം വായിക്കുന്നു:

> ഞാൻ ന്യായാസനങ്ങളെ കണ്ടു, അവയിൽ ഇരിക്കുന്നവർക്ക് ന്യായവിധിയുടെ അധികാരം കൊടുത്തു. യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തവും തല ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ നമസ്ക്കരിക്കാതിരുന്നവരും നെറ്റിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുമായവരുടെ ആത്മാക്കളെയും ഞാൻ കണ്ടു. അവർ ജീവിച്ചു ആയിരമാണ്ട് ക്രിസ്തുവിനോടുകൂടെ വാണു. മരിച്ചവരിൽ ശേഷമുള്ളവർ ആയിരമാണ്ട് കഴിയുവോളം ജീവിച്ചില്ല. ഇത് ഒന്നാമത്തെ പുനരുത്ഥാനം. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു. അവരുടെ മേൽ രണ്ടാം മരണത്തിന് അധികാരമില്ല.. അവർ ദൈവത്തിന്നും ക്രിസ്തുവിന്നും പുരോഹിതന്മാരായി ക്രിസ്തുവിനോടുകൂടെ ആയിരമാണ്ട് വാഴും (വാ. 4–6).

ഒരുനിമിഷം, വാക്യങ്ങൾ 1 മുതൽ 6 വരെയുള്ള വേദഭാഗം വായിച്ചപ്പോഴോ അല്ലെങ്കിൽ അതിനെ കുറിച്ചു കേട്ടതോ ആയ ഊഹാപോഹങ്ങളെ മറന്ന്, പരിശുദ്ധാത്മാവ് വരച്ചുകാണിച്ച അന്തരത്തിൽ മാത്രം ശ്രദ്ധിക്കുക: *സാത്താനെ ആയിരമാണ്ടേക്ക് ബന്ധിച്ചു*, എന്നാൽ *രക്തസാക്ഷികൾ* ആയിരമാണ്ട് വാണു. പൂർണ്ണതയുടെ പൂർണ്ണതയെ[1] കാണിക്കുന്നതാണ് ആയിരമാണ്ട് എന്ന് നാം നമ്മുടെ കഴിഞ്ഞ പാഠത്തിൽ മനസിലാക്കി. *സാത്താനെ പൂർണ്ണമായിട്ടാണ് ബന്ധിച്ചത്*, അതേ സമയം *രക്തസാക്ഷികൾ വാണത് പൂർണ്ണമായിട്ടായിരുന്നു*. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ഒരുഭാഗത്ത് *അമ്പേ പരാജയവും* മറുഭാഗത്ത് *പൂർണ്ണ വിജയവു*മായിരുന്നു!

പ്രാരംഭ ക്രിസ്ത്യാനികൾക്ക് ആ കാഴ്ച്ചപ്പാട് വേണമായിരുന്നു. ഭൗമിക കാഴ്ച്ചപ്പാടനുസരിച്ച് സാത്താൻ വിജയിക്കുകയാണെന്നും ക്രിസ്ത്യാനിത്വം ഇല്ലാതാകുകയും ചെയ്യുന്നു എന്നു തോന്നിച്ചു. വിശ്വസ്തരായ ക്രിസ്ത്യാനികളോട് 20:1–6 ഉറക്കെ പറഞ്ഞു, “അത് മായയാണ്! ഇതാണ് യാഥാർത്ഥ്യം: നിങ്ങളുടെ ജീവിതം നഷ്ടപ്പെട്ടാലും, വാസ്തവത്തിൽ നിങ്ങൾ ജയിക്കുകയാണ്, കാരണം വിശ്വാസത്തിനുവേണ്ടി രക്തസാക്ഷികളായവർ വാസ്തവത്തിൽ മരിച്ചില്ല. *അവർ* ജീവിച്ചിരിക്കുന്നു, അവർ ക്രിസ്തുവിനോടുകൂടി *വാഴുന്നു*!”

വെളിപ്പാട് 20:4–6 നെ കുറിച്ച് അസാധാരണവും സങ്കീർണ്ണവുമായ സിദ്ധാന്തങ്ങളും രൂപപ്പെടുത്തിയിട്ടുള്ളത് പരിശോധിക്കാതെ തരമില്ല. എങ്ങനെയാ

യാലും, ആ ലളിതമായ വാക്യങ്ങളിലെ നിസാരമായ ആശയം നിങ്ങൾക്ക് ലഭിക്കാതെ പോകരുത്: നിങ്ങൾ വിശ്വസ്തരായി നിലനിന്നാൽ, *സാത്താൻ പരാജയപ്പെടുകയും നിങ്ങൾ ജയിക്കുകയും ചെയ്യും!*

## ആയിരാമാണ്ട് വീക്ഷണങ്ങൾ തെറ്റിദ്ധരിപ്പിക്കുന്നവയാണ്

"മില്ലെനിയം" എന്ന വാക്ക് നിങ്ങൾ കെട്ടിരിക്കുമല്ലൊ. *മിലേ* എന്ന വാക്കിൽനിന്നാണ് ആയിരം എന്ന അർത്ഥം വരുന്ന "മില്ലെനിയം" എന്ന ലാറ്റിൻ വാക്ക് വന്നത്. "ആയിരമാണ്ട്"[2] എന്ന് മറ്റൊരു വാക്കിൽ പറയുന്ന താണ് മില്ലെനിയം. "ആയിരമാണ്ട്"[3] എന്ന് ബൈബിളിൽ ചുരുക്കം ചില ഭാഗങ്ങളിൽ പറയുന്ന ഭാഗങ്ങളിൽ ഒന്നാണ് വെളിപ്പാട് 20, ആയിരം ആണ്ട് *വാഴ്ച്ചയെ* കുറിച്ച് പറയുന്ന ഏക ഭാഗവും അതാണ്.

വെളിപ്പാടിലെ മറ്റെല്ലാ സംഖ്യകളിൽനിന്നും ഈ "ആയിരാമാണ്ട്" മാത്രം എന്തുകൊണ്ടാണ് ആളുകൾ അക്ഷരികമായി എടുക്കുന്നത്? എനിക്ക് അറിയില്ല. പിന്നെ ആളുകൾ "ആയിരാമാണ്ടിനു" ചുറ്റും നിന്ന് സങ്കീർണ്ണങ്ങളായ സിദ്ധാന്തങ്ങൾ മെനയുന്നതെന്തിനാണ്, എനിക്ക് മനസിലാകുന്നില്ല. എങ്ങനെയായാലും, അത് സംഭവിച്ചു കഴിഞ്ഞു. ഇനി നമുക്ക് അവ നോക്കാതിരിക്കുവാൻ നിർവ്വാഹമില്ല.

"ആയിരാമാണ്ട്" വീക്ഷണക്കാരുടെ എഴുത്തുകളിൽ അവർ ആളുകളെ താഴെ കൊടുത്തിരിക്കുന്നതുപോലെ മൂന്നായിട്ടാണ് തരം തിരിക്കുന്നത്:

### ആയിരാമാണ്ടിന് ശേഷം

വർഷങ്ങൾക്ക് മുമ്പുണ്ടായിരുന്ന ഒരു സമീപനമാണ് ആയിരാണ്ടിന് ശേഷം എന്നത്. ഇപ്പോൾ അത് ഏതാണ്ട് നിഷ്ക്രിയമായ അവസ്ഥയിലാണ്, പഴയ കമെന്ററികളിൽ അതിനെ സംബന്ധിക്കുന്ന വാക്യങ്ങൾ കാണാം.

"പോസ്റ്റ്" എന്ന വാക്കിന്റെ അർത്ഥം "ശേഷം" എന്നാണ്. "പോസ്റ്റ് മില്ലെനിയം" എന്നതിനർത്ഥം "ആയിരം ആണ്ടിനു ശേഷം" എന്നാണ്. ഈ വാക്കിന്റെ സൂചന രണ്ടാം വരവാണ്: പോസ്റ്റ് മില്ലെനിയംകാർ വിശ്വസിക്കുന്നത്, "ആയിരം ആണ്ടിന് ശേഷം" ക്രിസ്തു മടങ്ങിവരും എന്നാണ്. "മില്ലെനിയം" എന്നത് അക്ഷരികമായ ആയിരമാണ്ട് അല്ല, മറിച്ച് ലോകത്തിൽ സുവിശേഷം വ്യാപിക്കുന്നതും സമാധാനവും സമൃദ്ധിയും ഉണ്ടാകുന്ന "സുവർണ്ണകാലം" ആണ് എന്നകാര്യം അവരിൽ മിക്കപേരും മനസിലാക്കിയിട്ടില്ല. രണ്ട് ലോകമഹായുദ്ധങ്ങളും ഇരുപതാം നൂറ്റാണ്ടിലെ മറ്റു പ്രശ്നങ്ങളും അത്തരം ശുഭാപ്തി വിശ്വാസത്തിന് അറുതി വരുത്തിയിട്ടില്ല.

### ആയിരാമാണ്ടിന് മുമ്പ്

"പ്രീ" എന്നതിന്റെ അർത്ഥം "മുമ്പ്" എന്നാണ്. അക്ഷരികമായ അർത്ഥം, "ആയിരം ആണ്ടിന് മുൻപ്" എന്നാണ്. വീണ്ടും പോയിന്റ് ചൂണ്ടിക്കാണിക്കുന്നത് രണ്ടാം വരവിനെയാണ്: "ആയിരമാണ്ടിന്" *മുൻപ്* ക്രിസ്തു മടങ്ങി വരുമെന്നാണ് പ്രീമില്ലെനിയംകാർ വിശ്വസിക്കുന്നത് – അവർ ആയിരം ആണ്ടിനെ എടുക്കുന്നത്, 365 ദിവസങ്ങളുള്ള വർഷങ്ങളായിട്ടാണ്. ക്രിസ്തു ഭൂമിയിലേക്ക് മടങ്ങിവന്ന്, അക്ഷരികമായ യിസ്രായേൽ ദേശത്ത്, അക്ഷരികമായ സിംഹാസനത്തിലിരുന്ന്, അക്ഷരികമായി ആയിരാമാണ്ട്, വാഴും[4] എന്നാണ് അവർ

പഠിപ്പിക്കുന്നത്.

**എമില്ലെനിയലിസം**

"ഏ" എന്നതിന്റെ ആമുഖ അർത്ഥം "നോ" അല്ലെങ്കിൽ "നോട്ട്" എന്നാണ്. അതുകൊണ്ട്, "എമില്ലെനിയം" എന്നാൽ "ആയിരമാണ്ട് ഇല്ല" എന്നാണ്. അത് ഒരു ഉചിതമല്ലാത്ത പേരു വെക്കലാണ്, കാരണം മിക്ക അറിയ-പ്പെടുന്ന "എമില്ലെനിയലിസ്റ്റുകളും" വിശ്വസിക്കുന്നത്, വെളിപ്പാടിലെ "ആയിരാമാണ്ട്" പുസ്തകത്തിലെ മറ്റു സംഖ്യകൾ പോലെ ആലങ്കാരികമാണ് എന്നാണ്. എന്നിരുന്നാലും, "ആയിരാമാണ്ട്" ആലങ്കാരികമായി എടുക്കുന്നവർക്ക്, ആ വാക്ക് വേദശാസ്ത്രപരമായ ഒരു നിലവാരമാണ്. അത് ഞാൻ ഉപയോഗിക്കാത്ത വാക്കാണെങ്കിലും, വേദശാസ്ത്ര പണ്ഡിതന്മാർ എന്നെ ഒരു "എമില്ലെനിയലിസ്റ്റ്" എന്നാണ് വിളിക്കുന്നത്.

മൂന്ന് "മില്ലെനിയൽ വീക്ഷണങ്ങളിൽ" ധാരാളം അമിതത്വവും വിചിത്രവുമായ ഒന്നാണ് പ്രിമില്ലെനിയലിസം. നാം വെളിപ്പാടിനെ കുറിച്ചു സുബോധവും വിവേകപൂർണ്ണവുമായ ഒരു സമീപനത്തിനായി നോക്കുമ്പോൾ, തുടർച്ചയായി കണ്ടുമുട്ടുന്നത് പ്രിമില്ലെനിയലിസം ആണ്; അതുകൊണ്ട്, നാം ഏറ്റവും ശ്രദ്ധയോടെ നോക്കേണ്ടതാണ് പ്രിമില്ലെനിയലിസം.

## ആയിരാ-മാണ്ട് തെറ്റായി നയിക്കൽ

വെളിപ്പാട് 20 ലെ "ആയിരം വർഷം" എന്നത് (കുറച്ചോ അല്ലെങ്കിൽ കൂടുതലായോ) അക്ഷരികമായി എടുക്കണമെന്നും അത് യേശുവിന്റെ[5] രണ്ടാം വരവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നുമാണ് ആളുകൾ വർഷങ്ങളായി ധരിച്ചു വെച്ചിരുന്നത്. എങ്ങനെയായാലും. ഇന്ന് അറിയപ്പെടുന്ന ഡിസ്പെൻസേഷ്ണൽ[6] പ്രിമില്ലെനിയലിസം പുതിയതാണ്. അത് തുടങ്ങിയത്, പ്ലിമത്തുകാരനായ ജോൺ നെൽസൺ ഡാർബി ആണ്, പ്രചാരം കൊടുത്തത് സകോഫീൽഡ് ബൈബിളും, 1970 കളിൽ ഹാൽ ലിൻസിയുമാണ്.[7]

വെളിപ്പാടിനോടുള്ള ഈ സമീപനത്തിന്റെ തെറ്റുകളെ നാം ചർച്ച ചെയ്തിട്ടുണ്ട്. അത് ഒന്നാം-നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾക്ക് ആശ്വാസം ഒന്നും നൽകുന്നില്ല, കർത്താവ് രക്തം-കൊടുത്ത് സമ്പാദിച്ച സഭയുടെ പ്രാധാന്യം ഊന്നി പറയുന്നുമില്ല.[8] പ്രീ മില്ലെനിയലിസ്റ്റുകൾ തങ്ങളുടെ സിദ്ധാന്തത്തിന്റെ കേന്ദ്രബിന്ദുവെന്ന് കരുതുന്ന വേദഭാഗത്തെ കുറിച്ചുള്ള ചില ബലഹീനതകൾ ഈ പാഠത്തിൽ, നാം ശ്രദ്ധിക്കുന്നതാണ്: വെളിപ്പാട് 20.

(1) വെളിപ്പാട് 20 ലെ അപോകാലിപ്റ്റിക് ഭാഷയുടെ ഇളക്കമുള്ള അടിസ്ഥാനത്തിന്മേലാണ് പ്രിമില്ലെനിയലിസ്റ്റുകൾ തങ്ങളുടെ ഉപദേശങ്ങൾ കെട്ടിപൊക്കിയിരിക്കുന്നത്. പ്രത്യേകിച്ച്, ഭൂമിയിലെ അക്ഷരിക ആയിരാമാണ്ട് വാഴ്ച്ചയെ കുറിച്ചുള്ള അവരുടെ ഉപദേശം അത് വാസ്തവമാണെന്ന് തെളിയിക്കുന്നു. ജി. ബി. കെയിഡ് എഴുതി,

> നാം പുതിയനിയമം നോക്കുമ്പോൾ, യോഹന്നാൻ ഒഴിച്ച് മറ്റൊരു എഴുത്തുകാരനും മില്ലെനിയത്തെ കുറിച്ച് പറഞ്ഞിട്ടില്ല. പൗലൊസ് തീർച്ചയായും, ശത്രുക്കളെല്ലാം തന്റെ കാൽക്കീഴാകുവോളം ക്രിസ്തു വാഴേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു, എന്നാൽ അത് അവൻ ദൈവത്താൽ ഉയർത്തപ്പെട്ടപ്പോൾ ആരംഭിച്ചതാണ് (1കൊരിന്ത്യർ XV ൽ വാ.

24–28; ഒത്തുവാക്യം മത്തായി. xiii. 41) ...[9]

അനേകം ശരീരങ്ങളോടുകൂടിയ പുനരുത്ഥാനം എന്ന ആശയമടക്കം, വെളിപ്പാട് 20 ലെ ദ്വിഭാഷാപ്രയോഗത്തിൽനിന്ന് പല ഉപദേശങ്ങളും രൂപപ്പെടുത്തിയിട്ടുണ്ട്.

അദ്ധ്യായത്തോടുള്ള സാഹിത്യസമീപനത്തെ കുറിച്ച് റേ സമ്മേഴ്സ് പറഞ്ഞു,

> വെളിപ്പാട് 20 ലെ വാക്യങ്ങൾ 4, 5, 6 എന്നിവ ഒഴിവാക്കിയിരുന്നെങ്കിൽ ഭൂമിയിൽ ക്രിസ്തുവിന്റെ ആയിരാമാണ്ട് വാഴ്ച്ചയെ കുറിച്ച് ആരും സ്വപ്നം കാണുക പോലും ചെയ്യുമായിരുന്നില്ല - യെരുശലേമിലെ അവന്റെ താൽക്കാലിക സിംഹാസനം ഇട്ട്, ഭൗമികമായ രാജവാഴ്ച്ച നടത്തുന്നത്. എങ്കിലും ആളുകൾ ആലങ്കാരികമായ വാക്യങ്ങളെ ആധാരമാക്കിയാണ് സിദ്ധാന്തങ്ങളും തത്വങ്ങളും മെനഞ്ഞുയർത്തിയിരിക്കുന്നത് എന്നതാണ് ഖേദകരം.[10]

(2) പ്രിമില്ലെനിയംകാരുടെ മിക്ക ഉപദേശങ്ങളും വെളിപ്പാട് 20–ൽ കാണുകയില്ല: അവർ അവയെ അതിനോട് ചേർത്തിരിക്കുന്നവയാണ്. അദ്ധ്യായം ആയിരാമാണ്ട് വാഴ്ച്ചയെ കുറിച്ച് പറയുന്നുണ്ടെങ്കിലും, ആ വാഴ്ച്ചയുടെ മിക്ക വിശദാംശങ്ങൾ (പ്രിമില്ലെനിയംകാർ പറയുന്നതുപോലെ) അവിടെ കാണുന്നില്ല എന്നു കാണാം.

ഉദാഹരണത്തിന്, ക്രിസ്തു *ഭൂമിയിൽ* ആയിരാമാണ്ട് വാഴുമെന്ന് പറയുന്നില്ല. വേദഭാഗം ശ്രദ്ധയോടെ വായിച്ചാൽ, നിങ്ങൾക്ക് അത് മനസിലാകും. വെളിപ്പാട് 20 ലെ ആയിരാമാണ്ട് വാഴ്ച്ചയെ കുറിച്ച് വില്യം ഹെൻഡ്രിക്സൺ ചോദിച്ചു, "അത് എവിടെയാണ് സംഭവിക്കുന്നത്?" എന്നിട്ട് ഉത്തരം പറഞ്ഞു:

> (ഏ) എവിടെയാണ് സിംഹാസനങ്ങൾ ഉണ്ടായിരുന്നത്; നാം വായിക്കുന്നു: "ഞാൻ ന്യായാസനങ്ങളെയും അവയിൽ ഇരിക്കുന്നവരെയും കണ്ടു" ഇപ്പോൾ വെളിപ്പാടു പുസ്തകം മുഴുവനുമനുസരിച്ച് ക്രിസ്തുവിന്റെ ന്യായാസനവും അവന്റെ ആളുകളും സ്വർഗത്തിലാണ് ...[11]
>
> (ബി) ശരീരം വിട്ട രക്തസാക്ഷികളുടെ ആത്മാക്കൾ ഇപ്പോൾ എവിടെയാണ്, നാം വായിക്കുന്നു, "യേശുവിന്റെ സാക്ഷ്യം നിമിത്തം തല *ഛേദിക്കപ്പെട്ട*വരുടെ ആത്മാക്കളെ ഞാൻ കണ്ടു." യോഹന്നാൻ കണ്ടത് *ശരീരങ്ങളെ*യല്ല, ആത്മാക്കളെയാണ്. അവൻ ചിന്തിക്കുന്നത് ശരീരമില്ലാത്ത ആത്മാക്കളെ കുറിച്ചാണ്. നാം വായിക്കുന്നു, "തല ഛേദിക്കപ്പെട്ടവരുടെ ആത്മാക്കളായിരുന്നു" ... ശരീരവും ആത്മാവും തമ്മിലുള്ള വ്യത്യാസവും ഊന്നി പറഞ്ഞിരി*ക്കുന്നു*: "തല ഛേദിക്കപ്പെട്ടവരുടെ ആത്മാക്കൾ." ...
>
> (സി) യേശു എവിടെയാണ് വസിക്കുന്നത്, നാം വായിക്കുന്നു, "അവർ *ക്രിസ്തുവിനോടു*കൂടി ജീവിക്കുകയും വാഴുകയും ചെയ്യുന്നു ..." അപ്പോൾ അപോകാലിപ്റ്റിക് ഭാഷയനുസരിച്ച്, ഉയർത്തപ്പെട്ട മദ്ധ്യസ്ഥനും ഭരണാധികാരിയും എവിടെയാണ്? യേശു എവിടെയാണ് വസിക്കുന്നത്? തീർച്ചയായും *സ്വർഗത്തിലാണ്!* സിംഹാസനത്തിലിരുന്നവന്റെ

> കയ്യിൽ നിന്നു ചുരുൾ വാങ്ങിയത് *സ്വർഗത്തിലാണ്.* "യേശു ദൈവത്തിന്റെ അടുക്കലേക്കും സിംഹാസനത്തിലേക്കും എടുക്കപ്പെട്ടു" എന്ന് വെളി. 5 ലും വെളി. 12 ലും പറയുന്നു. ...[12]

വെളിപ്പാട് 20-ൽ ഏതാണ്ട് ഇല്ലാത്തവയാണ് പ്രിമില്ലെനിയംകാരുടെ ഉപദേശങ്ങൾ അത്രയും: രണ്ടാം വരവോ, അവർ പറയുന്ന "ഹർഷോന്മാദമോ," ദാവീദിന്റെ സിംഹാസനമോ, യെരുശലേം നഗരമോ, ജഡിക യിസ്രായേലോ അവിടെയില്ല.

രസകരമായി പറഞ്ഞാൽ, *ക്രിസ്തുവിന്റെ* വാഴ്ച്ചയുടെ ദൈർഘ്യം സൂചിപ്പിച്ചിട്ടില്ല. "ആയിരാമാണ്ട്" അക്ഷരികമായി എടുത്താൽ പോലും, വേദഭാഗം പറയുന്നത്, "രക്തസാക്ഷികൾ ക്രിസ്തുവിനോടു*കൂടെ* ആയിരാമാണ്ട് വാണു എന്നാണ്"; ക്രിസ്തു എത്ര നാൾ വാഴുന്നു എന്ന് അവിടെ പറയുന്നില്ല. (പല പഴയനിയമകാല രാജാക്കന്മാരും അവരുടെ അപ്പന്മാരോടു*കൂടെ* അവർ വാണിരുന്നതായി പറയുന്നു, അവരുടെ അപ്പന്മാർ എത്ര കാലം ഭരിച്ചിരുന്നു എന്നു പറയുന്നില്ല.[13])

ജെയിംസ് ഏഫേർഡ് പറഞ്ഞു, "ആ ആശയങ്ങൾ ഇവിടേക്ക് ഇറക്കുമതി ചെയ്തതാണെന്ന് മാത്രമെ ഒരാൾക്ക് പറയുവാൻ കഴിയുകയുള്ളു - മൂലഗ്രന്ഥത്തിലെ അർത്ഥം പരിശോധിക്കുന്ന ഏതൊരാൾക്കും അത് മനസിലാകും."[14]

(3) വെളിപ്പാട് 20 നെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള പ്രിമില്ലെനിയംകാരുടെ ഉപദേശങ്ങൾ പുതിയനിയമത്തിലെ മറ്റു വ്യക്തമായ വേദഭാഗങ്ങൾക്ക് കടക വിരുദ്ധമാണ്.[15]

വെളിപ്പാട് 20-ൽ പറയുന്ന ക്രിസ്തുവിന്റെ വാഴ്ച്ച ഭാവിയിൽ മാത്രം നടക്കുന്നതാണ് എന്നത്രെ പ്രിമില്ലെനിയംകാർ വാദിക്കുന്നത്, പക്ഷെ ക്രിസ്തുവിന്റെ വാഴ്ച്ച അവൻ സ്വർഗാരോഹണം ചെയ്ത് പിതാവിന്റെ അടുക്കൽ പോയതു മുതൽ ആരംഭിച്ചതായാണ് വേദഭാഗങ്ങൾ പഠിപ്പിക്കുന്നത്. ക്രിസ്തു ദാവീദിന്റെ സിംഹാസനത്തിലിരിക്കുന്നതായി പല വേദഭാഗങ്ങളും പഠിപ്പിക്കുന്നു. അവയിൽ പത്രൊസിന്റെ പ്രവൃത്തികൾ 2 ലെ പ്രസംഗത്തിലാണ്. ദാവീദ് രാജാവിനെ കുറിച്ച് അപ്പൊസ്തലൻ പറഞ്ഞു,

> എന്നാൽ അവൻ പ്രവാചകൻ ആകയാൽ ദൈവം അവന്റെ കടിപ്രദേശത്തിന്റെ ഫലത്തിൽനിന്ന് ഒരുത്തനെ അവൻ തന്റെ സിംഹാസനത്തിൽ ഇരുത്തും എന്ന് എന്നോട് സത്യം ചെയ്തു ഉറപ്പിച്ചു എന്ന് അറിഞ്ഞിട്ട് അവനെ പാതാളത്തിൽ വിട്ടുകളഞ്ഞില്ല, അവന്റെ ജഡം ദ്രവത്വം കണ്ടതുമില്ല എന്ന് ക്രിസ്തുവിന്റെ പുനരുത്ഥാനം മുമ്പുകൂട്ടി കണ്ടു പ്രസ്താവിച്ചു. ഈ യേശുവിനെ ദൈവം ഉയർത്തെഴുന്നേൽപ്പിച്ചു; അതിന്ന് ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു. അവൻ ദൈവത്തിന്റെ ഭാഗത്തേക്ക് ആരോഹണം ചെയ്തു പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം പിതാവിനോട് വാങ്ങി നിങ്ങൾ ഈ കാൺകയും കേൾക്കയും ചെയ്യുന്നത് പകർന്നുതന്നു. ദാവീദ് സ്വർഗാരോഹണം ചെയ്തില്ലല്ലൊ. എന്നാൽ "ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠം ആക്കുവോളം നീ എന്റെ വലത്തുഭാഗത്ത് ഇരിക്ക എന്ന് കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു" എന്നു പറയുന്നു. ആകയാൽ നിങ്ങൾ ക്രൂശിച്ച - ഈ യേശുവിനെ തന്നെ ദൈവം കർത്താവും ക്രിസ്തുവുമാക്കി വെച്ചു എന്ന് യിസ്രായേൽ ഗൃഹം

മുഴുവനും അറിഞ്ഞുകൊള്ളട്ടെ (പ്രവൃത്തികൾ 2:30-36).

["ദാവീദിന്റെ സന്തതി] [ദാവീദിന്റെ സിംഹാസനത്തിൽ] ഇരിക്കും" എന്ന വാഗ്ദാനം യേശു ഉയിർത്തെഴുന്നേറ്റ് സ്വർഗാരോഹണം ചെയ്ത് പിതാവിന്റെ വലത്തുഭാഗത്തേക്ക് പോയപ്പോൾ നിറവേറി. യേശു "ഉയിർത്തെഴുന്നേറ്റ് പിതാവിന്റെ വലത്തുഭാഗത്തേക്ക് പോകുകയും" അവിടെ അവൻ തന്റെ ശത്രുക്കളെ തന്റെ പാദപീഠത്തിലാക്കുവോളം വാഴുകയും ചേയ്യും.

1 കൊരിന്ത്യർ 15-ൽ അപ്പൊസ്തലനായ പൗലൊസ് ക്രിസ്തുവിന്റെ വാഴ്ച്ചയെ കുറിച്ച് പറഞ്ഞിരിക്കുന്നു:

> ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ, ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും. ഓരോരുത്തരും താന്താന്റെ നിരയിലത്രെ. ആദ്യഫലം ക്രിസ്തു, പിന്നെ ക്രിസ്തുവിനുള്ളവർ, അവന്റെ വരവിങ്കൽ, പിന്നെ അവസാനം. അന്ന് അവൻ എല്ലാ വാഴ്ച്ചക്കും അധികാരത്തിനും നീക്കം വരുത്തിയിട്ട് രാജ്യം പിതാവായ ദൈവത്തെ ഏൽപിക്കും. അവൻ സകല ശത്രുക്കളെയും കാൽക്കീഴാക്കുവോളം വാഴേണ്ടതാകുന്നു. ഒടുക്കത്തെ ശത്രുവായിട്ട്, മരണം നീങ്ങിപ്പോകും. "സകലത്തെയും അവന്റെ കാൽക്കീഴാക്കിയിരിക്കുന്നു എന്നുണ്ടല്ലൊ." സകലവും അവന്ന് കീഴ്പ്പെട്ടിരിക്കുന്നു എന്നു പറഞ്ഞാൽ, സകലത്തെയും കീഴാക്കിക്കൊടുത്തവൻ ഒഴികെയത്രെ എന്ന് സ്പഷ്ടം. എന്നാൽ സകലവും അവന്ന് കീഴ്പ്പെട്ടുവന്ന ശേഷം ദൈവം സകലത്തിലും സകലവും ആകേണ്ടതിന്ന് പുത്രൻ താനും സകലവും തനിക്ക് കീഴാക്കി കൊടുത്തവന്ന് കീഴ്പ്പെട്ടിരിക്കും (1 കൊരിന്ത്യർ 15:22-28).

ദൈവം "സകലവും ക്രിസ്തുവിന്റെ കാൽക്കീഴിലാക്കിയിരിക്കുന്നു"; ഇപ്പോൾ ക്രിസ്തു സ്വർഗത്തിൽ വാണുകൊണ്ടിരിക്കുന്നു. വാക്യം 25 ലെ, "വാഴുന്നു" എന്ന വാക്ക് വർത്തമാന കേവല ക്രിയയായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്.[16] തുടർ പ്രവൃത്തിയെ സൂചിപ്പിക്കുന്നതാണ് വർത്തമാനകാലം. വാക്യം 25 നെ "സകലത്തെയും താന്റെ കാൽക്കീഴാക്കുന്നതുവരെ അവൻ തുടർച്ചയായി വാഴേണ്ടതാകുന്നു." എന്ന് തർജിമ ചെയ്യാവുന്നതാണ്. അവൻ തോൽപ്പിക്കുവാനിരിക്കുന്ന അവസാനത്തെ ശത്രു മരണമാണ് എന്ന് വാക്യം 26 പറയുന്നു.

ക്രിസ്തു ഇപ്പോൾ വാണുകൊണ്ടിരിക്കുന്നു എന്നു വെളിപ്പാടു പുസ്തകവും വ്യക്തമായി പഠിപ്പിക്കുന്നു. അവൻ രാജാധിരാജാവും കർത്താധികർത്താവും ആയി *കഴിഞ്ഞിരിക്കുന്നു* (17:14; 19:16)![17]

ക്രിസ്തുവിന്റെ വാഴ്ച്ച എന്ന വിഷയത്തിൽനിന്ന് മാറ്റി നിർത്താനാവാത്തതാണ് അവന്റെ രാജ്യം പ്രിമില്ലെനിയംകാർ ഒരു നിയമമായി പറയുന്നത് ക്രിസ്തു വാഴുവാനിരിക്കുന്നത് ഭാവിയിലാണ് എന്നത്രെ. എങ്ങനെയായാലും, ബൈബിളിലെ വ്യക്തമായ ഭാഗങ്ങൾ പഠിപ്പിക്കുന്നത്, ക്രിസ്തു ഇപ്പോൾ തന്റെ രാജ്യം വാഴുന്നു എന്നാണ്[18] - യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവക്ക് ശേഷം യേശു തന്റെ *രാജ്യം* വാണുകൊണ്ടാണിരിക്കുന്നത്.

ദൈവരാജ്യം "ആസന്ന" മായിരിക്കുന്നു എന്നാണ് യോഹന്നാൻ സ്നാപകനും ക്രിസ്തുവും പറഞ്ഞത് (മത്തായി 3:2; 4:17). ഭൗമിക ശുശ്രൂഷക്കിടയിൽ, യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞത് അവരുടെ *ആയുഷ്ക്കാലത്ത്* അവർ

“ദൈവരാജ്യം ശക്തിയോടെ വരുന്നത് കാണും” എന്നായിരുന്നു (മർക്കൊസ് 9:1). സ്വർഗാരോഹണത്തിന് മുൻപ് പരിശുദ്ധാത്മാവ് വരുമ്പോൾ അവർക്ക് ശക്തി ലഭിക്കുമെന്നും പറഞ്ഞിരുന്നു (പ്രവൃത്തികൾ 1:6–8). പെന്തെകൊസ്തു നാളിൽ അവർക്ക് പരിശുദ്ധാത്മാവ് ലഭിച്ചു (പ്രവൃത്തികൾ 2:1–4), അങ്ങനെ രാജ്യം “ശക്തിയോടുകൂടെ” വരികയും ചെയ്തു.[19] അതിനാൽ യേശു പിതാവിന്റെ വലത്തുഭാഗത്തിരുന്നു തന്റെ വാഴ്ച്ച ആരംഭിച്ചതായി പത്രൊസിന് പ്രസംഗിക്കുവാനും കഴിഞ്ഞു.

ദൈവം “നമ്മെ സാത്താന്റെ അധികാരത്തിൽനിന്നു വിടുവിച്ച് തന്റെ പുത്രന്റെ രാജ്യത്തിലാക്കി വെച്ചിരിക്കുന്നു” എന്ന് പൗലൊസ് കൊലൊസ്യയിലെ ക്രിസ്ത്യാനികളോട് പറഞ്ഞിരുന്നു (കൊലൊസ്യർ 1:13). എബ്രായലേഖകൻ തന്റെ വായനക്കാരോട് പറഞ്ഞു, “ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കയാൽ നന്ദിയുള്ളവരായിരിപ്പിൻ” (എബ്രായർ 12:28).[20] വീണ്ടും വെളിപ്പാട് പുസ്തകവും പഠിപ്പിക്കുന്നത് ദൈവരാജ്യം നിലനിൽക്കുന്നതായിട്ടാണ്: ഒന്നാം അദ്ധ്യായത്തിൽ യേശു നമ്മെ “രാജ്യമാക്കിത്തീർത്തു” എന്നാണ് യോഹന്നാൻ എഴുതിയത് (വാ. 6). താൻ യേശുവിന്റെ *രാജ്യത്തിലും,* കഷ്ടതയിലും, സഹിഷ്ണുതയിലും കൂട്ടാളി ആയിരുന്നതായാണ് യോഹന്നാൻ പറഞ്ഞത് (വാ. 9; എംഫസിസ് മൈൻ) കഷ്ടതയും സഹിഷ്ണുതയും ഭാവിയിൽ ആയിരക്കണക്കിന് വർഷങ്ങൾക്ക് ശേഷമുള്ളതായിരുന്നില്ല; അതുപോലെ തന്നെ രാജ്യവും.[21]

വെളിപ്പാട് 20 നെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രിമില്ലെനിയലിസ്റ്റുകാരുടെ മറ്റൊരു ഉപദേശം പല ശരീരങ്ങളോടുകൂടിയുള്ള പുനരുത്ഥാനമാണ്: “ആയിരാമാണ്ടിന് മുൻപ്” നന്മ ചെയ്തവർക്ക് ഒരു ശാരീരിക പുനരുത്ഥാനമുണ്ടെന്നും, “ആയിരാമാണ്ടിന്റെ അവസാനം”[22] തിന്മ ചെയ്തവർക്ക് ”പുനരുത്ഥാനമുണ്ടെന്നുമുള്ള ആശയം ആണ് അത്. “ഒന്നാം പുനരുത്ഥാനത്തെ” കുറിച്ച് ഈ പാഠത്തിൽ പിന്നീട് പഠിക്കും (വാ. 5, 6); എന്നാൽ ഇപ്പോൾ, നമുക്ക് തിരുവെഴുത്തിൽ വ്യക്തമായ വേദഭാഗം ഒരു ശാരീരിക പുനരുത്ഥാനത്തെ കുറിച്ചു മാത്രമെ പഠിപ്പിക്കുന്നുള്ളു എന്നത് മനസിലാക്കാം: യേശു പറഞ്ഞു, “ഇതിങ്കൽ ആശ്ചര്യപ്പെടരുത്, കല്ലറകളിൽ ഉള്ളവർ *എല്ലാവരും* അവന്റെ ശബ്ദം കേട്ട്, നന്മ ചെയ്തവർ ജീവന്നായും, തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്വാനുള്ള നാഴിക വരുന്നു” (യോഹന്നാൻ 5:28, 29; എംഫസിസ് മൈൻ). പൗലൊസ് പറഞ്ഞു, “നീതിമാന്മാരുടേയും നീതികെട്ടവരുടേയും പുനരുത്ഥാനം ഉണ്ടാകും” (പ്രവൃത്തികൾ 24:15).

യേശുവിന്റേയും പൗലൊസിന്റേയും പ്രസ്താവനകൾ തെളിയിക്കുന്നത് നന്മ ചെയ്തവർക്കും തിന്മ ചെയ്തവർക്കും പൊതുവായ ശാരീരിക പുനരുത്ഥാനം ഉണ്ടാകുമെന്നാണ്.[23] നീതിമാന്മാരുടെ പുനരുത്ഥാനം കഴിഞ്ഞ് ആയിരം വർഷങ്ങൾക്ക് ശേഷം തിന്മ ചെയ്തവർക്ക് പുനരുത്ഥാനം ഉള്ളതായി അവർ പഠിപ്പിക്കുന്നില്ല. കോതമ്പിനിടയിൽ വിതെച്ചതായ കളയുടെ ഉപമയെ കുറിച്ച് “യേശു പഠിപ്പിച്ചിരിക്കുന്നത് നാം ഗൗരവമായി എടുക്കണം (മത്തായി 13:24–30, 36–43). നന്മയും തിന്മയും ഓരോ വശത്ത് കൊയ്ത്തോളം വളരും, കൊയ്ത്ത് ലോകാവസാനമാണ്.”[24] ആലങ്കാരിക ഭാഷയെ കുറിച്ച് ആളുകൾ സിദ്ധാന്തങ്ങൾ മെനയുമ്പോൾ, തിരുവെഴുത്തിലെ വ്യക്തമായ വേദഭാഗങ്ങൾക്ക് അത് എതിരായി വരുമ്പോൾ, അതിൽ ഏതാണ് നാം സത്യമായി എടുക്കേണ്ടത്? ഈ ചോദ്യത്തെ കുറിച്ച് ദാനിയേൽ റസൽ പരിഗണിക്കയുണ്ടായി:

വെളിപ്പാടിലെ ഉയർന്ന ആലങ്കാരികതയോ അതോ സുവിശേഷത്തി ലേയും ലേഖനങ്ങളിലേയും വ്യക്തമായ ഉപദേശങ്ങളാണോ നിങ്ങൾ എടുക്കുക? സംഭവിച്ചതായ ആഭ്യന്തരയുദ്ധ വസ്തുതകളെ കുറിച്ച് വിശ്വസനീയ ചരിത്രകാരന്മാരായ മെക്മാസ്റ്ററോ അല്ലെങ്കിൽ റോഡസോ എഴുതിയതോ അതോ ഒരു കവിയായ ബെന്നറ്റ് *ജോൺ ബ്രൗൺസ് ബോടി* എൻ എഴുതിയ വിവരണങ്ങളോ, ഏതാണ് ആധികാരികമായി ന ിങ്ങൾ സ്വീകരിക്കുക? കൗശലം ഉപയോഗിക്കാതിരിക്കുകയും ശരിയായി വിവേചനം നടത്തുകയും ചെയ്താൽ നിങ്ങൾ വിശ്വസനിയ ചരിത്രകാ രന്മാരുടെ വിവരണം തന്നെ ശരിയായി എടുക്കും.[25]

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ആലങ്കാരിക വേദഭാഗങ്ങളെ മനുഷ്യർ വ്യാഖ്യാനിച്ചതിനോട് യോജിക്കുന്ന വിധത്തിൽ സ്പഷ്ടമായ വേദഭാഗങ്ങളെ കോട്ടിക്കളയാതെ, സ്പഷ്ടമായ വേദഭാഗങ്ങൾക്കനുസരിച്ച് ആലങ്കാരിക വേദഭാഗങ്ങളെ വ്യാഖ്യാനിക്കുകയാണ് വേണ്ടത്.

യേശുവിന്റെ കാലത്തെ യേഹൂദന്മാരെ പോലെ,[26] ചില പ്രിമില്ലെനിയ ലിസ്റ്റുകൾ ആത്മിയ അനുഗ്രഹങ്ങളിൽ തൃപ്തിയില്ലാത്തവരാണ്. അവർക്ക് സ്വർഗീയ മഹിമയുടെ പ്രത്യാശ പോരാ, നവവീര്യമുള്ള ഭൗമിക പ്രത്യാശ യാണ് അവർക്ക് ആവശ്യം. യേശുവിന്റെ കിരീടത്തെ പോലെ ആകർഷണി യമായി യേശുവിന്റെ ക്രൂശ് അവർക്ക് അനുഭവപ്പെട്ടില്ല. ഭൂമിയിൽ സമാധാനം ഉണ്ടാകുന്നതിന് മുൻപ് ഹൃദയങ്ങളിൽ സമാധാനം വരണം; രോഗനിവാരണ ശ്രമം പാപമോചന ശ്രമങ്ങൾക്ക് അവർ മങ്ങലേൽപിച്ചു. ബർട്ടൻ കോഫ്മാൻ എഴുതി,

... ഭൂമിയിൽ കുറ്റമറ്റ രാഷ്ട്രീയ സാമൂഹിക സംവിധാനം "സങ്കൽ പിക്കുന്നവരോട്" നമുക്ക് സഹതാപം മാത്രമാണുള്ളത്, കാരണം അവർ സ്വപ്നലോകത്തിലാണ്. അവർ എല്ലാ പ്രദേശത്തും സമാധാനവും വെളി ച്ചവുമുള്ള സുവർണ്ണ കാലഘട്ടമാണ് കാണുവാൻ ആഗ്രഹിക്കുന്നത്, അങ്ങനെ ആളുകളെ വ്യാമോഹിപ്പിച്ചിരിക്കയാണ്, പക്ഷെ ആളുകൾ കേൾക്കേണ്ടത് പുതിയനിയമത്തിൽ ഒരിടത്തും അത്തരം വാഗ്ദാനമില്ല എന്നതാണ്. നാം "അനേക കഷ്ടങ്ങളിൽ കൂടെയാണ് ദൈവരാജ്യ ത്തിൽ പ്രവേശിക്കേണ്ടത്" (പ്രവൃത്തികൾ 14:22); നാം അവനോടുകൂടെ "കഷ്ടം സഹിക്കണം" (റോമർ 8:17), "ദൈവഭക്തിയോടെ ജീവിക്കുന്ന എല്ലാവർക്കും ഉപദ്രവം ഉണ്ടാകും" (2 തിമൊഥെയൊസ് 3:12), ക്രിസ്തു വിനെ അനുഗമിക്കുന്ന എല്ലാവരും "നാൾതോറും ക്രൂശ് എടുത്ത് അനു ഗമിക്കണം" (ലൂക്കൊസ് 9:23), ...[27]

പ്രശ്നങ്ങളില്ലാത്ത ലോകം പുതിയനിയമം വാഗ്ദാനം ചെയ്യുന്നില്ല. മറിച്ച്, ദൈവം നമ്മെ "*സ്വർഗത്തിലെ* സകല *ആത്മികാനുഗ്രഹത്താലും* ക്രിസ്തു വിൽ അനുഗ്രഹിച്ചിരിക്കുന്നു" എന്നാണ് പറഞ്ഞിരിക്കുന്നത് (എഫെസ്യർ 1:3; എംഫസിസ് മൈൻ). ക്രിസ്തു മടങ്ങി വരുമ്പോഴുണ്ടാകുവാനിരിക്കുന്ന സിദ്ധാ ന്തങ്ങളല്ല, മറിച്ച് ഉപദ്രവിക്കപ്പെട്ട ക്രിസ്ത്യാനികൾക്ക് പ്രത്യാശ നൽകിയത്, വിട്ടു പിരിഞ്ഞ് "ക്രിസ്തുവിനോടുകൂടെ" ആകാമെന്നതായിരുന്നു. "അതാണ് ഏറ്റവും നല്ലത്" എന്ന് പൗലൊസ് പറഞ്ഞു (ഫിലിപ്പിയർ 1:23). ആമേൻ! മനു

ഷ്യർ സങ്കൽപിക്കുന്ന ഭൗതികമായ ഉപകാരങ്ങളേക്കാൾ ശ്രേഷ്ഠവും അനന്തവുമാണ് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ആത്മിയമായവ!

## ആവേശമുള്ള ആയിരം - വർഷ സത്യം!
## (20:4-6)

മാനുഷിക സിദ്ധാന്തങ്ങളെ കുറിച്ച് അത്രയും മതി. ഇനി നമുക്ക് വാസ്തവത്തിൽ വാക്യങ്ങൾ 4 മുതൽ 6 വരെ എന്താണ് പറയുന്നത് എന്ന് നോക്കാം. ഈ വേദഭാഗത്തിന്റെ പഴയനിയമ പശ്ചാത്തലം ദാനിയേൽ 7 ആണെന്ന് പൊതുവിൽ എല്ലാവരും സമ്മതിക്കും (പ്രത്യേകിച്ച്, വാക്യങ്ങൾ 9, 22 ഉം 27 ഉം നോക്കുക). എല്ലായ്പോഴുമെന്ന പോലെ, യോഹന്നാനിൽ (ദൈവശ്വാസിയമായി) അപ്പോഴും ഒരു പ്രത്യേക കാഴ്ച്ചപ്പാടുണ്ടായിരുന്നു.

വാക്യം 4 ന്റെ മദ്ധ്യഭാഗത്തോടെ നമ്മുടെ പരിശോധന ആരംഭിക്കാം. അവിടെ യോഹന്നാൻ പറഞ്ഞു, "യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം[28] തല ഛേദിക്കപ്പെട്ടവരും, മൃഗത്തെയോ അതിന്റെ പ്രതിമയെയോ നമസ്ക്കരിക്കാതിരുന്നവരും നെറ്റിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുടെ[29] ആത്മാക്കളെയും ഞാൻ കണ്ടു ..."

മുൻപ് ഊന്നി പറഞ്ഞതുപോലെ, യോഹന്നാൻ ശരീരങ്ങളെയല്ല, ശരീരം വിട്ട ആത്മാക്കളെയാണ് കണ്ടത്.[30] ഇവിടെ അദ്ധ്യായം 6 നമ്മെ ഓർപ്പിക്കുന്നു. അവിടെ അപ്പൊസ്തലൻ "യാഗപീഠത്തിൻ കീഴിൽ അറുക്കപ്പെട്ടവരുടെ ആത്മാക്കളെയാണ് കണ്ടത്" (6:9). അദ്ധ്യായം 6 ലുള്ളവരെപോലെ, ഇവരും തങ്ങളുടെ വിശ്വാസത്തിനുവേണ്ടി രക്തസാക്ഷികളായവരായിരുന്നു.[31] അവർ ഒരുപക്ഷെ തല ഛേദിക്കപ്പെട്ടവരാകാം, വെളിപ്പാട് എഴുതുമ്പോൾ റോമാക്കാർ മരണശിക്ഷ നടപ്പാക്കിയിരുന്ന ഒരു രീതി മഴുകൊണ്ടോ അല്ലെങ്കിൽ വാൾകൊണ്ടോ "തല ഛേദിക്കുക" എന്നതായിരുന്നു. എങ്ങനെയായാലും, തീർച്ചയായും, ആ കൂട്ടത്തിൽ, ക്രൂശിൽ തറെക്കപ്പെട്ടവരും, വന്യമൃഗങ്ങൾക്ക് കഷണങ്ങളായി നുറുക്കി എറിഞ്ഞു കൊടുത്തവരുമുണ്ടായിരുന്നേക്കാം. കാരണം അവർ കൈസറിനെ നമസ്ക്കരിച്ചില്ല.

20:4–ൽ ഒരു കൂട്ടം ആളുകളെയാണോ അതോ രണ്ടുകൂട്ടം ആളുകളെയാണോ പറയുന്നത് എന്ന് ചോദിച്ചിട്ടുണ്ട്. യോഹന്നാൻ കണ്ടത് – ഒരു കൂട്ടം ആളുകളെയാണ് – രക്തസാക്ഷികൾ, "മൃഗത്തെ നമസ്ക്കരിക്കാതിരുന്നവർ" അവർ തന്നെയാണെന്ന് ചിലർ കരുതുന്നു. മൂലഗ്രന്ഥത്തിലെ[32] വാചക ഘടന സൂചിപ്പിക്കുന്നത് രണ്ട് കൂട്ടം ആളുകളാണെന്ന് വേറെ ചിലർ കരുതുന്നു, ചോദ്യം അപ്രസക്തമാണ്, എന്നാൽ ശരീരം വിട്ട രണ്ടു കൂട്ടം ആത്മാക്കളെയാണ് യോഹന്നാൻ കണ്ടത് എന്നതിനോടാണ് ഞാൻ യോജിക്കുന്നത്: രക്തസാക്ഷികളും, റോമാ ഗവൺമെന്റിന്റെ സമ്മർദ്ദത്തിന് വഴങ്ങാതിരുന്നവരുമാണ് ശേഷിച്ചവർ. രക്തസാക്ഷികളായി തീർന്നവർ മറ്റു വിശ്വസ്തരായി ജീവിച്ചവരേക്കാൾ ഉയർന്നവരായി വെളിപ്പാട് എടുത്തുകാണിക്കുന്നില്ല.[33]

വില്യം ബാർക്ലേ എഴുതി, "പുരാതന സഭയിൽ ഉപദ്രവം നേരിട്ടപ്പോൾ, മുഖ്യമായി രണ്ട് വാക്കുകൾ ഉപയോഗിച്ചിരുന്നു. *രക്തസാക്ഷികൾ* വാസ്തവത്തിൽ തങ്ങളുടെ വിശ്വാസത്തിനുവേണ്ടി മരിച്ചവരായിരുന്നു; *ഏറ്റുപറച്ചിലുകാർ* ക്രിസ്തുവിനു വേണ്ടി മരണം ഒഴിച്ച് മറ്റെല്ലാ കഷ്ടതയും സഹിച്ചവരായിരുന്നു."[34] ഹെന്റി സ്വെറ്റ്. ഏറ്റുപറച്ചിലുകാരെ "അവർ വാസ്തവത്തിൽ രക്തസാക്ഷികളായില്ലെങ്കിലും, ഏതു കഷ്ടതയും, നിന്ദയും, തടവും, വസ്തു

നഷ്ടങ്ങൾ, വീടും വ്യക്തിബന്ധങ്ങളും എല്ലാം വിട്ടുകളയുവാനും മനസുള്ളവരായിരുന്നു."[35] വേദഭാഗത്തിന്റെ തള്ളൽ എന്തെന്നാൽ, മഴുകൊണ്ട് മരണപ്പെട്ടാലും ഹൃദയാഘാതം കൊണ്ട് മരിച്ചാലും അവർ കർത്താവിൽ *വിശ്വസ്തരായിട്ടാണ്* മരിച്ചത്.

ഈ വേദഭാഗത്തിൽനിന്ന് ഓരോ ക്രിസ്ത്യാനിക്കും പൊതുവായ പ്രായോഗികത വരുത്താം. വിശ്വാസത്തിനായി കഷ്ടം സഹിച്ചവർക്കാണ് ഊന്നൽ കൊടുത്തിരിക്കുന്നത്, പ്രത്യേകിച്ച് വിശ്വാസത്തിനായി രകതസാക്ഷികളായവർ.

**വാഴ്ച്ചയെ കുറിച്ച് വീണ്ടുമൊരു ഉറപ്പ്**

പ്രാരംഭ ക്രിസ്ത്യാനികളിൽ ജ്വലിച്ചുകൊണ്ടിരുന്ന ചോദ്യം എന്തെന്നാൽ, "മരണത്തോളം വിശ്വസ്തരായിരുന്നവർക്ക് എന്ത് സംഭവിച്ചു?" മരിച്ചതോടുകൂടി, അവരെ മറന്നുകളഞ്ഞോ? അതോ അവരുടെ ത്യാഗം വിലയുള്ളതായിരുന്നോ? അതിനുള്ള യോഹന്നാന്റെ ഉത്തരം ഇതാ: "ഞാൻ ന്യായാസനങ്ങളെ കണ്ടു, അവയിൽ ഇരുന്നവർക്ക് ന്യായവിധിയുടെ അധികാരം കൊടുത്തു. യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരും മൃഗത്തെയും പ്രതിമയെയും നമസ്ക്കരിക്കാതിരുന്നവരും, ആയുള്ളവരുടെ ആത്മാക്കളെ ഞാൻ കണ്ടു ... അവർ ജീവിച്ചിരുന്നു ക്രിസ്തുവിനോടുകൂടി ആയിരമാണ്ട് വാണു" (വാ. 4).

വിശ്വസ്തരായ ക്രിസ്ത്യാനികൾക്ക് ഈ വാക്യത്തിൽ വാഗ്ദാനങ്ങൾ ഒന്നുമില്ല (തൊട്ടടുത്ത വാക്യങ്ങളിലുമില്ല). ഉദാഹരണത്തിന്, വെളിപ്പാട്, 3-ൽ ജയിക്കുന്ന *ഓരോ* ക്രിസ്ത്യാനിക്കും ഈ വാഗ്ദാനം നൽകുന്നു: "ജയിക്കുന്നവന്ന് ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നൽകും. ഞാൻ ജയിച്ച് എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെ തന്നെ" (വാ. 21). വീണ്ടും, 20:4, 6 ലെ അതേ വാക്കുകളാണ് അടിസ്ഥാനപരമായി 5:10-ൽ നാം വായിച്ചത്: "ഞങ്ങളുടെ ദൈവത്തിന് അവരെ രാജ്യവും പുരോഹിതന്മാരും ആക്കി വെച്ചു [ക്രിസ്തുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ട *എല്ലാ*വരേയും.]; അവർ ഭൂമിയിൽ വാഴുകയും ചെയ്യുന്നു" (1:6 നോക്കുക).

പല രീതികളിൽ ക്രിസ്ത്യാനികൾ വാഴുന്നുവെന്ന് 5:10 പഠിച്ചപ്പോൾ നാം ശ്രദ്ധിച്ചു: (1) ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ രാജ്യമാണ് (വെളിപ്പാട് 1:6), അതാണ് സഭ (മത്തായി 16:18, 19). (2) ദൈവം അവരുടെ പിതാവാകയാൽ (1 കൊരിന്ത്യർ 1:3), അവർ രാജകുടുംബത്തിന്റെ ഭാഗമായി. (3) ക്രിസ്തു ഇപ്പോൾ വാണുകൊണ്ടിരിക്കയാൽ (പ്രവൃത്തികൾ 2:33-36; 1 കൊരിന്ത്യർ 15:25), ക്രിസ്ത്യാനികൾ "ക്രിസിതുവിൽ" ആകയാൽ (2 കൊരിന്ത്യർ 5:17), അവർ ക്രിസ്തുവിന്റെ വാഴ്ച്ച പങ്കിടുന്നു. (4) ക്രിസ്ത്യാനികൾ രക്ഷിക്കപ്പെട്ടതുകൊണ്ട്, ഇനി മരണം അവരിൽ കർത്തൃത്വം നടത്തുകയില്ല; മറിച്ച് "അവർക്ക് ക്രിസ്തു മുഖാന്തരം ... വാഴുവാനുള്ള അവസരമാണ് ലഭിക്കുന്നത്" (റോമർ 5:17; വാക്യങ്ങൾ 14 ഉം 21 ഉം നോക്കുക). യോഹന്നാന്റെ കാലത്തെ വായനക്കാർക്ക് ഭൂമിയിലെ വാഴ്ച്ച പ്രാഥമികമായും അവരുടെ *വിജയത്തെ*യാണ് സൂചിപ്പിക്കുന്നത് എന്ന് നാം ഊന്നി പറഞ്ഞുവല്ലൊ. ജീവിതത്തിൽ നേരിട്ട ഓരോ പ്രതിസന്ധിയെയും തരണം ചെയ്തു, ക്രിസ്തുവിന്റെ ശക്തിയാൽ ക്രിസ്ത്യാനികൾക്ക് തങ്ങളുടെ ജീവിതത്തെ നിയന്ത്രിച്ച് അന്തിമ ലക്ഷ്യം സൂക്ഷിക്കുവാൻ കഴിഞ്ഞു.[36]

ഇവയെല്ലാം സ്വാഭാവികമായി ഒരു ചോദ്യമുയർത്തിയേക്കാം: ക്രിസ്തുവിനോടുകൂടെ വാഴുവാനുള്ള വാഗ്ദാനം ക്രിസ്ത്യാനികൾക്ക് പൊതുവിൽ കൊടുത്തിരുന്നുവെങ്കിൽ, രക്തസാക്ഷികളെ കുറിച്ചുള്ള വാഗ്ദാനം ആവർത്തിച്ച് പറയേണ്ട കാര്യമെന്താണ്? കാരണം, വാഗ്ദാനം മരണത്താൽ നീങ്ങപ്പെടുന്നില്ല എന്നും, അത് പൂർത്തീകരിക്കുകയാണ് ചെയ്യുന്നതെന്നും പ്രാരംഭ ക്രിസ്ത്യാനികൾ മനസിലാക്കേണ്ടിയിരുന്നു! വീണ്ടും, "*ആയിര*മാണ്ട്" വാഴ്ച്ച എന്നത് രക്തസാക്ഷികളുടെ *പൂർണ്ണമായ* വാഴ്ച്ചയെയും, അവരുടെ പൂർണ്ണമായ വിജയത്തെയുമാണ് കാണിക്കുന്നത്.

"ന്യായവിധി അവർക്ക് കൊടുത്തിരിക്കുന്നു" എന്നതാണ് രക്തസാക്ഷികളുടെ വാഴ്ച്ചയുടെ ഒരു പ്രത്യേകത (വാ. 4). അതേ പ്രയോഗം ദാനിയേൽ 7:22 അർത്ഥമാക്കുന്നത് "വിധി അവർക്ക് അനുകൂലമായിത്തീർന്നു" എന്നാണ് – മറ്റൊരുവിധത്തിൽ പറഞ്ഞാൽ, വിശുദ്ധന്മാരെ നിരപരാധികളായി പ്രഖ്യാപിച്ചു. അതായിരിക്കാം ഇവിടത്തെ അർത്ഥം, എന്നാൽ ശത്രുക്കളുടെ മേലുള്ള വിജയമാണ് വെളിപ്പാട് 20 ന്റെ സന്ദർഭം വ്യക്തമാക്കുന്നത്. ഭൂമിയിലായിരുന്നപ്പോൾ അവരുടെ ശത്രുക്കൾ ന്യായാസനങ്ങളിൽ ഇരുന്ന് അവർക്ക് മരണശിക്ഷ വിധിച്ചു. ഇപ്പോൾ, സംഗതി നേരെ തിരിഞ്ഞു, ന്യായാസനങ്ങളിൽ ഇരിക്കുന്നത് *ആ* രക്തസാക്ഷികളാണ്!

ദുഷ്ടമനുഷ്യരെ ന്യായം വിധിക്കുവാൻ ക്രിസ്ത്യാനികളെ നിയോഗിക്കുന്ന ആശയം പുതിയതല്ല. "സിംഹാസനങ്ങളിൽ ഇരുന്ന് യിസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളെയും ന്യായം വിധിക്കും" എന്ന് യേശു തന്റെ ശിഷ്യന്മാരോട് പറയുകയുണ്ടായി (ലൂക്കൊസ് 22:30).[37] "വിശുദ്ധന്മാർ ലോകത്തെ വിധിക്കും" എന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു, കൂടാതെ അവർ "ദൂതന്മാരെ പോലും"[38] വിധിക്കുമെന്നും പറഞ്ഞിരിക്കുന്നു (1 കൊരിന്ത്യർ 6:2, 3).[39] മനസിലാക്കുവാൻ എളുപ്പമുള്ള വേദഭാഗങ്ങളല്ല അവ, എന്നാൽ ക്രിസ്ത്യാനികൾ സ്വയമായി ഓരോരുത്തരെ ഓരോ സ്ഥാനത്തേക്ക് അന്തിമമായി അയക്കുവാനുള്ള അധികാരമില്ല എന്ന് എല്ലാവരും സമ്മതിക്കും, കാരണം അത് ദൈവത്തിന്റെ പ്രത്യേകമായ അവകാശമാണ്.[40] നേരെ മറിച്ച്, ക്രിസ്ത്യാനികളായ നാം, ലോകത്തെ "വിധിക്കുന്നത്" പല രീതികളിലാണ്: ലോകത്തെ വിധിക്കുന്ന നിലവാരമാണ്, നാം വചനം പ്രസംഗിക്കുന്നത് (യോഹന്നാൻ 12:48), അത് പാപത്തെ പുറത്തു കൊണ്ടുവരുന്നു. കൂടാതെ, ദൈവനിലവാരത്താൽ ജീവിക്കുവാൻ കഴിയുമെന്ന്, നമ്മുടെ ജീവിതത്താൽ നാം തെളിയിക്കുന്നു, അങ്ങനെ കഴിയാത്തവർക്ക് അത് ഒരു സൂചനയാണ്.

എങ്ങനെയായാലും, വെളിപ്പാട് 20 ലെ "വിധിക്കൽ," കർത്താവിനു വേണ്ടി മരിച്ചവരുടെ വാഴ്ച്ചയെ വിപുലപ്പെടുത്തുകയാകാം. അവർ വിജയിച്ചവരായിരുന്നു. സാത്താനെ തള്ളിയിടുകയും അവരെ ഉയർത്തുകയും ചെയ്തു!

## പുനരുത്ഥാനത്തിനുള്ള ഒരു വാക്യം

വാക്യം 4 ന്റെ അവസാനഭാഗത്തും വിജയം എന്ന ആശയം തുടരുകയാണ്: "അവർ ജീവിച്ചിരുന്നു[41] വാണു ..."

"ജീവിച്ചിരുന്നു" എന്ന പദപ്രയോഗത്തെ പ്രിമില്ലെനിയലിസ്റ്റുകാർ ക്രിസ്തു മടങ്ങിവരുമ്പോഴുള്ള ശാരീരിക ഉയർത്തെഴുന്നേൽപായിട്ടാണ് വ്യാഖ്യാനിക്കുന്നത്. എങ്ങനെയായാലും, രംഗത്തിന്റെ ആരംഭം മുതൽ ശരീരം വിട്ട ആത്മാക്കൾ "ജീവിച്ചിരിക്കുകയും" സിംഹാസനത്തിലിരുന്ന് ("വാഴുകയുമാണ്"[42])

രക്തസാക്ഷികൾ ഒരാളിൽ ജീവൻ പ്രാപിച്ചു ക്രിസ്തുവിനോടുകൂടെ വാഴുമെന്നല്ല വേദഭാഗം പഠിപ്പിക്കുന്നത്. വിശ്വസ്തരായിരുന്നവർ ജീവിച്ചിരുന്ന് ക്രിസ്തുവിനോടുകൂടെ വാണുകൊണ്ടിരുന്നു എന്നാണ് വേദഭാഗം ചൂണ്ടിക്കാണിക്കുന്നത്.

വീണ്ടും ജീവന്റെ വാഗ്ദാനം ക്രിസ്ത്യാനികൾക്ക് പൊതുവായുള്ളതാണ് (യോഹന്നാൻ 5:24 നോക്കുക) – പാപത്തിൽനിന്നുള്ള രക്ഷയെ പൊതുവിൽ വിവരിച്ചിരിക്കുന്നത് പുനരുത്ഥാനമായിട്ടാണ് (ജീവങ്കലേക്ക് വരുന്നത്). പൗലൊസ് പറഞ്ഞു, "അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നെ" (റോമർ 6:4). പിന്നീട് അവൻ എഴുതി, "കരുണാസമ്പന്നനായ ദൈവമോ ... നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കയും ... ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയർത്തെഴുന്നേൽപിച്ചു സ്വർഗത്തിൽ ഇരുത്തുകയും ചെയ്തു" (എഫെസ്യർ 2:4–6). വീണ്ടും അവൻ പറഞ്ഞു, "ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയർത്തെഴുന്നേറ്റിരിക്കുന്നുവെങ്കിൽ, ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ളത് അന്വേഷിപ്പിൻ" (കൊലൊസ്യർ 3:1).

ഒരിക്കൽ കൂടെ വരാനിടയുള്ള ചോദ്യം "എല്ലാ ക്രിസ്ത്യാനികളും ജീവിക്കയും 'പുനരുത്ഥാനം പ്രാപിക്കയും' ചെയ്യുമെങ്കിൽ, രക്തസാക്ഷികൾ 'ജീവങ്കലേക്ക് വന്നു' എന്ന് ഊന്നി പറയുവാൻ കാരണമെന്താണ്?" ഉത്തരം അടിസ്ഥാനപരമായി മുമ്പിലത്തേതു തന്നെയാണ്: ഒരു വിശുദ്ധന്റെ ക്രിസ്തുവിലുള്ള "പുതിയ ജീവൻ" അവസാനിക്കുന്നില്ല എന്ന് ഊന്നി പറയുവാനാണ്. പിന്നെയോ, മരണശേഷം അവൻ മുൻപ് അറിഞ്ഞിട്ടില്ലാത്ത "ജീവനിലേക്കാണ്" വരുന്നത്.

വാക്യം 5–ൽ, രക്തസാക്ഷികളും വിശ്വസ്തരായിരുന്നവരും "ജീവനിലേക്ക് വരുന്നതിനെ" "ഒന്നാം പുനരുത്ഥാനം"[43] എന്നാണ് വിളിച്ചത്. മുൻപ് ശ്രദ്ധിച്ചതുപോലെ, "ഒന്നാം പുനരുത്ഥാനവുമായി" സാങ്കൽപിക ആയിരാ–മാണ്ട് വാഴ്ച്ചയുടെ തുടക്കത്തിലുണ്ടാകുമെന്ന് പറയുന്ന ശാരീരിക ഉയർപ്പുമായി ഒരു ബന്ധവുമില്ല. മറിച്ച്, സന്ദർഭത്തിൽ, ഒരാൾ ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേൽക്കുമ്പോൾ ആരംഭിക്കുകയും "ക്രിസ്തുവിൽ" മരിക്കുമ്പോൾ മൂർദ്ധന്യാവസ്ഥയിലെത്തുന്ന ആത്മീയ പുനരുത്ഥാനമാണ് അത് (വെളിപ്പാട് 14:13). അത് ഈ ലോകത്തുനിന്നു വിട്ടുപിരിഞ്ഞ് "ക്രിസ്തുവിനോടുകൂടെ" ആകുന്നതിനെയാണ് സൂചിപ്പിക്കുന്നത് (ഫിലിപ്പിയർ 1:23), അങ്ങനെ ഒരാൾ "കർത്താവിനോടുകൂടെ ദൈവഭവനത്തിലെത്തുന്നു" (2 കൊരിന്ത്യർ 5:8). അത് ക്രിസ്തുവിന്റെ വാഗ്ദാനനിറവേറലാണ്: "എന്റെ നിമിത്തം ... ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും" (മത്തായി 10:39). വെളിപ്പാട് 2:10 അതിനെ "ജീവകിരീടം" എന്നാണ് വിളിച്ചിരിക്കുന്നത്."മരണപര്യന്തം വിശ്വസ്തരായി "ജീവിച്ചവരാണ്" ജീവകിരീടം" അവകാശമാക്കുന്നത്, ഇംഗ്ലീഷിൽ "എൽ" വലിയ അക്ഷരത്തിലാണ് കൊടുത്തിരിക്കുന്നത്!

കർത്താവിൽ മരിച്ചവരിൽനിന്നു വ്യത്യസ്തമായി "മരിച്ചവരിൽ ശേഷമുള്ളവർ ആയിരമാണ്ട് കഴിയുവോളം ജീവിച്ചില്ല" (വാ. 5). "മരിച്ചവരിൽ ശേഷമുള്ളവർ" എന്ന പദപ്രയോഗത്തിന്റെ അർത്ഥം യോഹന്നാൻ വാക്യം 4–ൽ

ആരെ കണ്ടുവോ അവരായിരിക്കും.[44] സന്ദർഭത്തിൽ, "യേശുവിന്റെ സാക്ഷ്യ വും ... ദൈവവചനവും പിടിച്ചുകൊള്ളാത്തവ*രും*," "മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്ക്കരിച്ചവ*രും*," "നെറ്റിമേലും കൈമേലും [മൃഗത്തിന്റെ] മുദ്ര ഏറ്റവരും" ആണെന്ന് തോന്നുന്നു (വാ. 4).

എൻഏഎസ്ബി പറയുന്നത്, "അവർ ആയിരം ആണ്ട് കഴിയുവോളം *ജീവനിലേക്ക് വന്നില്ല*" എന്നാണ് (എംഫസിസ് മൈൻ). "ജീവൻ പ്രാപിച്ചു" എന്ന പദപ്രയോഗം പലരെയും അത് ശാരീരിക ഉയർപ്പായി വ്യാഖ്യാനിക്കു വാൻ പ്രേരിപ്പിക്കയുണ്ടായി.[45] എങ്ങനെയായാലും, മൂലഗ്രന്ഥം പറയുന്നത്, "മരിച്ചവരിൽ ശേഷമുള്ളവർ ആയിരം ആണ്ട് കഴിയുവോളം *ജീവിച്ചി*ല്ല" എന്നാണ്.[46] മറ്റൊരു വാക്കിൽ പറഞ്ഞാൽ, അവർ "ക്രിസ്തുവിൽ" മരിച്ചവർ ആസ്വദിച്ചതായ ആത്മിയ അനുഗ്രഹങ്ങൾ ആസ്വദിച്ചില്ല. ഒരിക്കൽ കൂടെ പരിശുദ്ധാത്മാവ് ഒരു അന്തരം എടുത്തു കാണിക്കയായിരുന്നു:ഭൂമിയിൽ, ക്രിസ്ത്യാനികളെ കൊല്ലുകയും അവരെ ഉപദ്രവിച്ചവർ ജീവിക്കുകയും ചെ യ്തു; മരണശേഷം, ക്രിസ്ത്യാനികൾ ജീവിച്ചു, വാസ്തവത്തിൽ ജീവിച്ചു, അവരുടെ ശത്രുക്കളോ, മരിച്ചു, മരിച്ചു, മരിച്ചു.[47]

"ആയിരം ആണ്ട്" എന്നത് സാത്താനെ കെട്ടുന്നതും, ക്രിസ്ത്യാനികൾ മരിച്ച് ജീവിക്കുകയും വാഴുകയും ചെയ്യുന്ന കാലയളവാണ് - അത് ഇപ്പോ ഴാണ്.[48] "ആയിരം ആണ്ട് കഴിയുവോളം" എന്ന പ്രയോഗം സൂചിപ്പിക്കു ന്നത് ഈ കാലാവസാനം എന്നായിരിക്കണം - ക്രിസ്തു മടങ്ങി വരുമ്പോൾ, മരിച്ചവർ ഉയർക്കുകയും, എല്ലാവരെയും ന്യായംവിധിക്കയും ചെയ്യും. ഈ അദ്ധ്യായത്തിന്റെ 11 മുതൽ 15 വരെയുള്ള വാക്യങ്ങളിലെത്തുമ്പോൾ ആ ന ാടകിയഭാഗം നാം ചർച്ച ചെയ്യും.[49]

**ആനന്ദിക്കുവാനുള്ള ഒരു കാരണം**

പുസ്തകത്തിലെ അഞ്ചാമത്തെ മനോഗുണത്തോടുകൂടിയാണ് വാക്യം 6 ലെ ഭാഗങ്ങൾ അവസാനിപ്പിക്കുന്നത്. "ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു. അവരുടെ മേൽ രണ്ടാം മരണത്തിന് അധികാരമില്ല ..." എന്നാണ് ആ ഭാഗം തുടങ്ങുന്നത്. "രണ്ടാം മരണം" 20:14-ൽ തിരിച്ചറിഞ്ഞിട്ടുണ്ട്: "തീപ്പൊയ്കയാണ്, രണ്ടാം മരണം" (മറ്റൊരു വിധത്തിൽ, നരകം). കർത്താവിനോട് വിശ്വസ്തതപുലർത്തി മരിച്ച വർക്ക് നഷ്ടപ്പെടുമെന്ന ഭയം വേണ്ട. എന്തൊരനുഗ്രഹം!

യോഹന്നാൻ ഉപസംഹരിച്ചു പറഞ്ഞു, "അവർ ദൈവത്തിന്നും ക്രിസ്തു വിന്നും പുരോഹിതന്മാരായി ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ട് വാഴും" (വാ. 6). *എല്ലാ* ക്രിസ്ത്യാനികളും പുരോഹിതന്മാരാണ് എന്ന് പുതിയ നിയമം പഠിപ്പിക്കുന്നു (1 പത്രൊസ് 2:5, 9; വെളിപ്പാട് 1:6; 5:10). ആവർത്തനോച്ചാരണ പ്രയോജനം നിമിത്തം ഞാൻ ചോദിക്കുന്നു, "അപ്പോൾ, പിന്നെ വെളിപ്പാട് 20 ലെ വിശ്വസ്തരായി മരിച്ചവരും രക്തസാക്ഷികളും എന്തുകൊണ്ട് പു രോഹിതന്മാരായി എന്നു പറഞ്ഞിരിക്കുന്നു?" മരണം നമ്മെ ദൈവത്തിൽ നി ന്നകറ്റുന്നില്ല എന്നാണ് അത് ഊന്നി പറയുന്നത്, നാം ആരാണെന്നും, എന്താ ണെന്നുമുള്ളത് മരണത്താൽ നീങ്ങപ്പെടുന്നില്ല, മരണത്താൽ അനുഗ്രഹം അവസാനിച്ചു എന്നുമർത്ഥമാകുന്നില്ല. മറിച്ച്, ആ അനുഗ്രഹങ്ങൾ കൂടുതൽ തെളിവുള്ളതും മനോഹരവുമാകുന്നു! "നാം അവയൊന്നും കാണുന്നില്ല!" എന്ന് എന്റെ ഒരു പഴയ സ്നേഹിതൻ പറയുകയുണ്ടായി.

**ഉപസംഹാരം**

ഈ പാഠം എളുപ്പമുള്ളതായിരുന്നില്ല, പക്ഷെ വെളിപ്പാട് 20:4-6 ലെ മുഖ്യ പോയിന്റുകൾ നിങ്ങൾക്ക് ലഭിക്കാതെ പോകരുത് എന്നാണ് എന്റെ പ്രാർത്ഥന: നിങ്ങൾ കർത്താവിനോട് വിശ്വസ്തത നിലനിർത്തിയാൽ സാത്താൻ പരാജയപ്പെടുകയും നിങ്ങൾ ജയിക്കയും ചെയ്യും!

വേദഭാഗം ഊന്നൽ നൽകുന്നത് ഒന്നാം നൂറ്റാണ്ടിൽ വിശ്വാസത്തിനായി മരിച്ചവരിലായിരുന്നു. മരണം ക്രിസ്ത്യാനികൾക്കു നൽകിയിട്ടുള്ള വാഗ്ദാനം എടുത്തുകളയുന്നില്ല, മരിച്ച ക്രിസ്ത്യാനികൾ അപ്പോഴും ആ വാഗ്ദാനങ്ങൾ ആസ്വദിച്ചുകൊണ്ടാണിരുന്നത്. ഇപ്പോൾ, നാം അവസാനിപ്പിക്കുമ്പോൾ, ഞാൻ അത് ഒന്നുകൂടെ ആവർത്തിക്കട്ടെ: വെളിപ്പാട് 20-ൽ രക്തസാക്ഷികൾക്ക് നൽകിയ അനുഗ്രഹ വാഗ്ദാനങ്ങൾ *നിങ്ങൾക്കും* ലഭിക്കാവുന്നതാണ്: *നിങ്ങൾക്ക്* ശരിയായ ജീവിതം അറിയുവാൻ കഴിയും; നിങ്ങൾക്ക് കർത്താവിനുള്ള ഒരു പുരോഹിതനാകുവാൻ കഴിയും; *നിങ്ങൾക്ക്* ക്രിസ്തുവിനോടുകൂടെ വാഴുവാൻ കഴിയും. "ആയിരം ആണ്ട് കഴിയുവോളം" നിങ്ങൾക്ക് അതിനു കഴിയും - അതായത് പൂർണ്ണമായും. അത് വിസ്മയിപ്പിക്കുന്നതല്ലേ?

ആ അനുഗ്രഹങ്ങൾ നിങ്ങൾ*ക്ക്* ലഭിക്കുവാൻ കഴിയും, എന്നാൽ *അവ* നിങ്ങളുടേതാണോ? താഴ്മയുള്ള അനുസരണത്താൽ നിങ്ങൾ നിങ്ങളെ കർത്താവിന്നായി സമർപ്പിച്ചിട്ടുണ്ടോ? നിങ്ങളുടെ "ജീവൻ അവനിൽ" മറഞ്ഞിരിക്കുകയാണോ? (കൊലൊസ്യർ 3:3) ഇല്ലെങ്കിൽ അവന്റെ അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ ഒട്ടും താമസിപ്പിക്കരുത്![50]

---

**പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള ചോദ്യങ്ങൾ**

രണ്ടു കോളങ്ങളുള്ള ഒരു താരതമ്യ ചാർട്ട് നിങ്ങൾക്ക് വരക്കാം: ഒന്നാമത്തെ കോളത്തിന് മുകളിൽ "എല്ലാ ക്രിസ്ത്യാനികളും" എന്നെഴുതാം, രണ്ടാമത്തേതിന്റെ മുകളിൽ, "രക്തസാക്ഷികൾ" എന്നെഴുതുക. ഓരോ തലവാചകത്തിന്റേയും താഴെ, 20:4-6-ൽ പറഞ്ഞിരിക്കുന്ന അനുഗ്രഹങ്ങൾ എഴുതുക, അദ്ധ്യായം 20-ൽ രക്തസാക്ഷികൾക്ക് പറഞ്ഞിരിക്കുന്ന അനുഗ്രഹങ്ങൾ മറ്റുഭാഗങ്ങളിൽ ക്രിസ്ത്യാനികൾക്ക് പറഞ്ഞിരിക്കുന്നതാണെന്ന് ഊന്നൽ നൽകുക. പിന്നെ, *അപ്പോഴും* രക്തസാക്ഷികളെ ഊന്നി പറയുവാനുള്ള കാരണവും വ്യക്തമാക്കുക.

നമ്മുടെ വേദഭാഗത്തെ "കറുത്ത മേഘത്തിലെ വെള്ളിവരകൾ" എന്നു വിളിച്ചിരിക്കുന്നു. ഈ വേദഭാഗത്തെ "വെള്ളിവരകൾ" എന്നാണ് തോമസ് ടൊറാൻസ് വിളിച്ചിരിക്കുന്നത്.

---

കുറിപ്പുകൾ

[1]ഈ പുസ്തകത്തിൽ ആദ്യം വന്ന "സാത്താനെ ബന്ധിക്കൽ" എന്ന പാഠത്തിലെ "ആയിരം ആണ്ട്" എന്നതിന്റെ ആലങ്കാരികതയുടെ കുറിപ്പ് നോക്കുക. [2]"ചിലിയാസം" എന്ന വാക്ക് നിങ്ങൾ ഒരുപക്ഷെ കേട്ടിരിക്കാം. അത് "ആയിരം" എന്ന വാക്കിനുള്ള ഗ്രീക്ക് വാക്കിന്റെ (*ചിലോസ്*) വകഭേദമാണ്, വെളിപ്പാട് 20 ലെ "ആയിരം ആണ്ട്" എന്നതിൽനിന്നു പ്രത്യേകസിദ്ധാന്തവുമുണ്ടാക്കിയിട്ടുണ്ട്. [3]നീണ്ട എന്നേക്കുമുള്ള കാലയളവ് സൂചിപ്പിച്ചുകൊണ്ട് ബൈബിളിൽ പല ഭാഗങ്ങളിലും "ആയിരം വർഷം"

എന്നുപയോഗിച്ചിട്ടുണ്ട് (സങ്കീർത്തനങ്ങൾ 90:4; സഭാപ്രസംഗി 6:6; 2 പത്രൊസ് 3:8). അവിടെ ഒന്നും അക്ഷരികമായ ആയിരം വർഷം എന്ന രീതിയിൽ പറഞ്ഞിട്ടില്ല. [4]പ്രിമില്ലെനിയലിസ്റ്റുകൾ പറയുന്നത് കൂടുതൽ മനസിലാക്കുവാൻ *വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "നന്നായി തുടങ്ങുന്നത് പകുതി ചെയ്തതാണ്" എന്ന പാഠം നോക്കുക. [5]ഈ ആശയം സ്വീകരിച്ചിരിക്കുന്നവരുടെ പേരുകൾ പറയുവാൻ പ്രിമില്ലെനിയലിസ്റ്റുകൾ താൽപര്യപ്പെടുന്നു (പ്രത്യേകിച്ച് "സഭാ പിതാക്കന്മാർ" എന്ന-റിയപ്പെടുന്നവർ) അവർ പ്രിമില്ലെനിയലിസ്റ്റുകൾ പഠിപ്പിക്കുന്നതുപോലെയാണ് പറയുന്നത്. ഭൗതികമായ മശിഹാ ഭരണം എന്ന *തെറ്റായ* യെഹൂദാശയം തീർച്ചയായും പ്രാരംഭ എഴുത്തുകാരെ സ്വാധീനിച്ചിട്ടുണ്ട്. എങ്ങനെയായാലും, ആധുനിക പ്രിമില്ലെനിയലിസ്റ്റുകാർ പഠിപ്പിക്കുന്നത് അവർ പഠിപ്പിച്ചിരുന്നില്ല എന്നതാണ് വാസ്തവം. അതിന്റെ ചുരുങ്ങിയ അവലോകനം വില്യം ബാർക്ലേയുടെ, *ദ റെവലേഷൻ ഓഫ് ജോൺ,* വാല്യം. 2, റെവ. എഡി., ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1976), 190–91 ലും, ആർ. സി. എച്ച്. ലെൻസ്കി, *ദ ഇന്റർപ്രെട്ടേഷൻ ഓഫ് സെന്റ് ജോൺസ് റെവലേഷൻ* (മിന്നെപ്പൊലിസ്, മിൻ.: ആഗ്സ്ബർഗ് പബ്ലിഷിങ് ഹൗസ്, 1963), 570. [6]ക്രിസ്തുവിന്റെ മരണത്തിനും അവന്റെ മടങ്ങിവരവിനുമിടക്കുള്ള കാലത്തെ കുറിച്ച് "കാലങ്ങൾ" ആക്കിയതുകൊണ്ടാണ് "ഡിസ്പെൻസേഷ്ണൽ" എന്ന വാക്ക് വന്നത്. വിവിധ കാലയളവിൽ ദൈവം വിവിധമായ രീതിയിൽ ആളുകളോട് ഇടപെടുന്നു. ഉദാഹരണമായി, ജെ. എൻ. ഡാർബി പഠിപ്പിച്ചത്, പ്രവൃത്തികൾ 2 മുതൽ 7 വരെ ക്രിസ്ത്യാനിത്വത്തിൽ "യെഹൂദകാലം" (ന്യായപ്രമാണകാലം) എന്നും, പ്രവൃത്തികൾ 8 മുതൽ "ജാതികളുടെ കാലം" (കൃപായുഗം) എന്നുമാണ്. ഇപ്പോൾ "സഭായുഗം" ആണെന്നാണ് മിക്ക ഡിസ്പെൻസേഷ്ണൽ പ്രിമില്ലെനിയലിസ്റ്റുകളും പറയുന്നത്. അതേ സമയം ആയിരമാണ്ട് വാഴ്ച്ചയെ "രാജ്യയുഗം" എന്നുമാണ് വിളിക്കുന്നത്. "ദൈവം മുഖപക്ഷം കാണിക്കുന്നവനല്ല" എന്നതിനെ ലംഘിക്കുന്നതാണ് അത്തരം സിദ്ധാന്തങ്ങൾ (പ്രവൃത്തികൾ 10:34). ദൈവം "ഈ അന്ത്യകാലത്ത്" (പ്രവൃത്തികൾ 2:17; എബ്രായർ 1:2) ചിലരോട് ഒരേർപ്പാടിലും മറ്റു ചിലരോട് വേറൊരു ഏർപ്പാടിലും ഇടപെടുകയില്ല. [7]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "നന്നായി തുടങ്ങിയത് പകുതി ചെയ്തതാണ്" എന്ന പാഠത്തിലെ കുറിപ്പുകൾ നോക്കുക. [8]ഇബിഡ്. [9]ജി. ബി. കെയിഡ്, *ഏ കമെന്ററി ഓൺ ദ റെവലേഷൻ ഓഫ് സെന്റ്. ജോൺ ദ ഡിവൈൻ* (ലണ്ടൻ: ആഡം & ചാൾസ് ബ്ലാക്ക്, 1966), 251. [10]റേ സമ്മേഴ്സ്, *വർതി ഈസ് ദ ലാമ്പ്* (നാഷ്വിലേ: ബ്രോഡ്മാൻ പ്രസ്, 1951), 203.

[11]"സിംഹാസനം" എന്ന വാക്ക് വെളിപ്പാടിൽ നാൽപത്തി-ഏഴ് പ്രാവശ്യം കാണാം; സാത്താന്റെയും മൃഗത്തിന്റേയും ഒഴിച്ച്, സിംഹാസനവും സിംഹാസനങ്ങളും സ്വർഗത്തിലാണ്. [12]വില്യം ഹെൻഡ്രിക്സൺ, *മോർ ദാൻ കോൺകറേഴ്സ്* (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1954), 230–31. (എംഫസിസ് ഹിസ്.) [13]യെഹൂദ്യയിലേയും യെരുശലേമിലേയും രാജാക്കന്മാരുടെ കാലനിർണ്ണയത്തെ നിങ്ങൾ പരിശോധിച്ചാൽ, പല രാജാക്കന്മാരുടെ വാഴ്ച്ചയും കെട്ടിമറിഞ്ഞു കിടക്കുന്നതായി കാണാം. ഉദാഹരണത്തിന്, ആഹാസ് തന്റെ അപ്പനായ യോഥാമിനോടുകൂടെ ഏതാണ്ട് പന്ത്രണ്ടു വർഷവും, മനേശ ഹിസെക്കിയുവായി ചേർന്ന് ഏതാണ്ട് എട്ടോ ഒമ്പതോ വർഷവും വാണു എന്നു കാണാം. അത്തരം പ്രസ്താവനകൾ അവർ ഒരുമിച്ച്-ഭരണം നടത്തി എന്നു മാത്രമേ പറയുന്നുള്ള, അവരുടെ അപ്പന്മാർ എത്ര കൊല്ലം വാണു എന്ന് പറയുന്നില്ല. ഇതിനെ കുറിച്ച് കൂടുതൽ ചർച്ചക്ക് നോക്കുക, മെക്ഗ്വിഗിൻ, ദ ബുക്ക് ഓഫ് റെവലേഷൻ, *ലുക്കിങ് ഇൻടു ദ ബൈബിൾ സീരീസ്* (ലബ്ബക്ക്, ടെക്സ്.: ഇന്റർനാഷ്ണൽ ബിബിളിക്കൽ റിസോഴ്സസ്, 1976), 303.

[14]ജെയിംസ് എം എഫേർഡ്, *റെവലേഷൻ ഫോർ ടുഡേ* (നാഷ്വിലേ: അബിങ്ടൺ പ്രസ്, 1989), 118. [15]ഡിസ്പെൻസേഷണലിസത്തിൽ "ദൈവത്തിന്റെ ഉദ്ദേശത്തെയും വീണ്ടെടുപ്പുപദ്ധതിയെയും മാറ്റിമറിച്ചിരിക്കയാണ്" എന്ന് ഫ്രാങ്ക് പാക്ക് പറഞ്ഞിരിക്കുന്നു (*റെവലേഷൻ* പാർട്ട്. 2. ദ ലിവിങ് വേഡ് സീരീസ് [ആസ്റ്റിൻ, ടെക്സ്.: ആർ. ബി. സ്വീറ്റ് കമ്പനി., 1965], 48). ഈ ഭാഗത്ത്, വെളിപ്പാട് 20 ലെ വൈപരിത്യം മാത്രമെ നോക്കുന്നുള്ളു. [16]ഇംഗ്ലീഷിൽ ഒരു കേവലക്രിയ (സാധാരണ "ടു" എന്ന വാക്കിനു മുമ്പായി വരുന്നു) നാമവിശേഷണമായോ, നാമമായോ, ക്രിയാവിശേഷണമായോ ആണ് ഉപയോഗിക്കുന്നത്. [17]യേശു കഷ്ടമേറ്റു മരിച്ചശേഷം സ്വർഗത്തിൽ പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നതായി പറയുന്ന മറ്റു വേദഭാഗങ്ങളും ഉദ്ധരിക്കാവുന്നതാണ്. ഉദാഹരണത്തിന്, എബ്രായർ 12:2 നോക്കുക. [18]യേശു ഇപ്പോൾ വാഴുന്നു എന്നും അവന്റെ രാജ്യം ഇപ്പോൾ നിലവിലുണ്ട് എന്നും ചില പ്രിമില്ലെനിയലിസ്റ്റുകാർക്ക് അറിയാം. അതുകൊണ്ട് അവർ പറയുന്നത്, "*ഒരർത്ഥത്തിൽ* യേശു ഇപ്പോൾ വാഴുകയാണ്" ചിലപ്പോൾ അവർ ഇപ്പോഴത്തെ "രാജ്യത്തിന്റെ" (ആദ്യ അക്ഷരം ചെറിയ അക്ഷരത്തിൽ എഴുതും) മില്ലെനിയം "കിങ്ഡത്തിന്റെ" ("കെ" വലിയ അക്ഷരത്തിലെഴുതും). അത്തരം തരംതിരിക്കലിന് തിരുവെഴുത്ത് പിൻബലമില്ല. [19]ആ വാക്കുകൾ യേശുവിന്റെ മാതൃകാ പ്രാർത്ഥനയിലേതാണെന്ന് പല എഴുത്തുകാരും കരുതുന്നു. "നിന്റെ രാജ്യം വരേണമേ" (മത്തായി 6:10), എന്നത് ഇപ്പോഴും പ്രാർത്ഥിക്കേണ്ടതാണെന്ന് കരുതുന്നുണ്ട് - പക്ഷെ ആ പ്രയോഗം പ്രവൃത്തികൾ 2-ൽ രാജ്യം സ്ഥാപിക്കപ്പെടുന്നതിനു *മുൻപു* പറഞ്ഞതായിരുന്നു. അന്ന് ദൈവരാജ്യം "ആസന്നമായിരിക്കുന്നു"വെന്നും, ആ വാഗ്ദാന നിവർത്തിക്കായി പ്രാർത്ഥിക്കണമെന്നും കർത്താവ് പറഞ്ഞിരുന്നു. പെന്തെകൊസ്തുനാളിൽ പത്രൊസ് ആദ്യമായി സുവിശേഷം പ്രസംഗിക്കുകയും, അന്ന് മൂവായിരം പേർ സ്നാനമേൽക്കുകയും ചെയ്തപ്പോൾ ആ വാഗ്ദാനം നിറവേറി. [20]ഗ്രീക്ക് തർജിമ ചെയ്തിരിക്കുന്ന വാക്ക് "പ്രാപിക്കുന്നു" എന്നത് വർത്തമാന അപൂർണ്ണ ക്രിയയിലായതുകൊണ്ട് അതിനെ "പ്രാപിച്ചുകൊണ്ടിരിക്കുന്നു" എന്ന് തർജിമ ചെയ്യാം (കെജവി നോക്കുക). മുഖ്യക്രിയയുടെ തുടർപ്രവർത്തിയാണ് ഒരു വർത്തമാന അപൂർണ്ണക്രിയ സൂചിപ്പിക്കുന്നത്. (ഇവിടെ ക്രിയ തർജിമ ചെയ്തിരിക്കുന്നത് "ലെറ്റ് അസ് ഷോ" എന്നാണ്). രാജ്യം പ്രാപിച്ചിരിക്കയാൽ നാം നന്ദി കാണിക്കണം.

[21]നാം നിലവിലുള്ള രാജ്യത്തെ കുറിച്ച് പറയുമ്പോൾ, സഭയെ കുറിച്ചാണ് സംസാരിക്കുന്നത്. "സഭയും," "രാജ്യവും" മത്തായി 16:18, 19 ലും മറ്റു വേദഭാഗങ്ങളിലും മാറി മാറി ഉപയോഗിച്ചിരിക്കുന്നു. കർത്താവ് വാഴുന്ന പ്രതലമാണ് "രാജ്യം." ഭൗമികമായ ആ പ്രത്യേക പ്രതലമാണ് സഭ. അതിന്റെ സ്വർഗീയ പ്രദർശനം സ്വർഗത്തിലാണ്. ഒരർത്ഥത്തിൽ നാം ഭാവിയിൽ രാജ്യം പ്രാപിക്കും - യേശു തന്റെ രാജ്യത്തിൽ/സഭയിൽ *ഇപ്പോൾ* വാഴുന്നു എന്ന് പുതിയനിയമം വ്യക്തമായി പഠിപ്പിക്കുന്നു. [22]രണ്ടിലധികം ഉയർത്തെഴുന്നേൽപുള്ളതായിട്ടാണ് *പല* പ്രിമില്ലെനിയലിസ്റ്റുകളും പഠിപ്പിക്കുന്നത്: (1) "ഹർഷോന്മാദ" കാലാവസാനം വിശ്വാസികൾ ഉയർത്തെഴുന്നേൽക്കും; (2) ഏഴ്-വർഷ "ഹർഷോന്മാദ/ഉപദ്രവ" കാലയളവിന്റെ അവസാനം, ആ കാലയളവിൽ വിശ്വസിച്ച് മരിച്ചവരുടെ ഉയർപ്പിനെ ചിലപ്പോൾ, "ഗ്ലീനിങ്" ഉയർപ്പ് എന്ന് വിളിക്കുന്നു); (3) ആയിരം ആണ്ടിനിടക്ക് പരിവർത്തനം ചെയ്ത് മരിക്കുന്നവർക്ക് ഉയർത്തെഴുന്നേൽപുണ്ടാകും; (4) സാത്താനെ തീപ്പൊയ്കയിലേക്ക് തള്ളിയിട്ടശേഷം ദുഷ്ടന്മാർക്കുണ്ടാകുന്ന ഉയർത്തെഴുന്നേൽപ്. ചിലർ ഇതിനോട് കൂട്ടിച്ചേർക്കുന്നു. *ഏഴോളം* ഉയർത്തെഴുന്നേൽപുണ്ടെന്ന് പഠിപ്പിക്കുന്നവരുമുണ്ട്. [23]പൊതുവായ ഒരു ഉയർത്തെഴുന്നേൽപിനെ കുറിച്ചു പഠിപ്പിക്കുന്ന വേദഭാഗങ്ങൾ വേറെയുമുണ്ട്. ഉദാഹരണത്തിന്, ദാനിയേൽ 12:2 നോക്കുക. "മരിച്ചവരു*ടെ* പുനരുത്ഥാനത്തെ" കുറിച്ചു പ

റയുന്ന മറ്റു വേദഭാഗങ്ങളെയും പരിഗണിക്കുക (എംഫസിസ് മൈൻ). മത്തായി 22:31; പ്രവൃത്തികൾ 24:21; എബ്രായർ 6:2. ഒന്നിലധികം ഉയർത്തെഴുന്നേൽപിനൊപ്പം ഒന്നിലധികം ന്യായവിധികളെയും കുറിച്ചും പറയുന്നുണ്ട്. ഈ പുസ്തകത്തിൽ പിന്നീട് വരുന്ന "ന്യായവിധിയെ കുറിച്ച് അറിഞ്ഞിരിക്കേണ്ട അഞ്ചു വസ്തുതകൾ" എന്ന പാഠം നോക്കുക. [24]ബ്രൂസ് എം. മെറ്റ്സ്ജർ, *ബ്രേക്കിങ്ങ് ദ കോഡ്: അണ്ടർസ്റ്റാന്റിങ് ദ ബുക്ക് ഓഫ് റെവലേഷൻ* (നാഷ്വിലേ: അബിങ്ടൺ പ്രസ്, 1993), 95. [25]ദാനിയേൽ റസൽ, പ്രീച്ചിങ് ദ അപോകാലിപ്സ് (ന്യുയോർക്: ദ അബിങ്ടൺ പ്രസ്, 1935), 227. [26]ഭൗതിക സിംഹാസനത്തിലിരുന്നു ഭൗതികമായി ഭരിക്കുകയും തങ്ങൾക്ക് വേണ്ടി യുദ്ധം നടത്തുകയും ചെയ്യുന്ന ഒരു രാജാവിനെ ആയിരുന്നു യെഹൂദന്മാർ പ്രതീക്ഷിച്ചിരുന്നത്. യേശു ഒരു ആത്മിയ രാജാവ് "മാത്രമായിരിക്കയാൽ" യെഹൂദന്മാർ അവനെ തള്ളിക്കളഞ്ഞ് ക്രൂശിച്ചു. [27]ബർട്ടൻ കോഫ്മാൻ *കമെന്ററി ഓൺ റെവലേഷൻ* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ് ഹൗസ്, 1979), 469. [28]യോഹന്നാനെ നാടുകടത്തിയതും (1:9), യാഗപീഠത്തിൻ കീഴ് കണ്ടതായ രക്തസാക്ഷികളായി തീരേണ്ടി വന്ന ആത്മാക്കൾക്കും കാരണങ്ങൾ ഇവ തന്നെയായിരുന്നു (6:9). *വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "മനുഷ്യപുത്രനോട് സദൃശനായവൻ" എന്ന പാഠത്തിലെ 1:9 ന്റെ കുറിപ്പ് നോക്കുക. [29]രണ്ടാമത്തെ മൃഗത്തിന്റെ (കള്ളപ്രവാചകൻ) ഉദ്ദേശം ഒന്നാമത്തെ മൃഗത്തെയും അവന്റെ പ്രതിമയെയും നമസ്ക്കരിപ്പിക്കുകയും അവരുടെ നെറ്റിമേലും കൈമേലും മുദ്രയേൽപ്പിക്കയുമായിരുന്നു (13:15–17). ആകയാൽ കള്ളപ്രവാചകന്റെ സ്വാധീനത്തിനിരയായവർക്ക് അവസാനം "വിശ്രമം" ലഭിച്ചില്ല (14:11), എന്നാൽ അതിനെ പ്രതിരോധിച്ചവർക്ക് ക്രിസ്തുവിനോടുകൂടെ വാഴുവാൻ കഴിഞ്ഞു (20:4). ഉപയോഗിച്ച വാക്കുകളുടെ പ്രാധാന്യമറിയുവാൻ, *വെളിപ്പാട്, 4* എന്ന പുസ്തകത്തിലെ, "മഹാ വഞ്ചകൻ" എന്ന പാഠത്തിലെ 13:16–18 ലെ പരാമർശം നോക്കുക. [30]ഹെൻഡ്രിക്സൺ എഴുതി, " 'ആത്മാക്കൾ' എന്നു പറയുന്നത്, ചിലപ്പോൾ ആളുകളാണ് എന്നത്, വാസ്തവമാണ്, ഉദാഹരണത്തിന്, ഉൽപത്തി 46:27. അവിടെ നിങ്ങൾക്ക് വേണമെങ്കിൽ, 'ആത്മാക്കൾ' എന്നതിനുപകരം 'ആളുകൾ' എന്നുപയോഗിക്കാം. പക്ഷെ വെളിപ്പാട് 20-ൽ അത് സാധ്യമല്ല" (230).

[31]അദ്ധ്യായം 6 ലേയും 20 ലേയും രണ്ടു സംഘത്തെ നാം ഒരുപക്ഷെ ഒരു സംഘമായിട്ടായിരിക്കും കാണുക, "എത്രത്തോളം?" എന്ന ചോദ്യത്തിന്റെ ഉത്തരത്തിന്റെ ഒരു ഭാഗമായി അദ്ധ്യായം 20 കാണുന്നുണ്ടാകാം. [32]മൂലഗ്രന്ഥത്തിൽ, രണ്ടാമത്തെ ഭാഗം തുടങ്ങുന്നത്, "ആന്റ് സച്ച്" (അല്ലെങ്കിൽ "ആന്റ് ദോസ്") എന്നാണ്. കാഴ്ച്ചയിൽ *രണ്ട്* സംഘങ്ങളാണെന്ന് തെളിയിക്കുവാൻ പണ്ഡിതന്മാർ ഗ്രീക്ക് ഭാഗങ്ങൾ എടുക്കാറുണ്ട്. [33]യാക്കൊബിന്റേത് രക്തസാക്ഷിയുടെ മരണമായിരുന്നു എന്ന് ഒരു ചിന്തീരണം പറയുന്നു (പ്രവൃത്തികൾ 12:1, 2), എന്നാൽ അവന്റെ സഹോദരനായ യോഹന്നാനെ മാത്രമെ പത്മൊസിലേക്ക് നാടുകടത്തിയിരുന്നുള്ളു (വെളിപ്പാട് 1:9). എങ്കിലും, രണ്ടുപേരും യേശുവിന്റെ (കഷ്ടതയുടെ) സ്നാനം ഏറ്റിരുന്നു (മർക്കൊസ് 10:38, 39). കർത്താവിനെ സംബന്ധിച്ചിടത്തോളം, ഒരു ത്യാഗം മറ്റൊന്നിനേക്കാൾ വലുതായിരുന്നില്ല. [34]ബാർക്ലേ, 192. (എംഫസിസ് ഹിസ്.) [35]ഇബിഡ്. ബാർക്ലേ ഈ ചിന്ത ചുരുക്കി പറഞ്ഞത്, ഹെന്റി. ബി. സ്വെറ്റ്, *ദ അപോകാലിപ്സ് ഓഫ് സെന്റ്. ജോൺ* (കെയിംബ്രിഡ്ജ്: മാക്മിലൻ കമ്പനി., 1908, റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., എൻ. ഡി.), 262. [36]*വെളിപ്പാട്, 3* എന്ന പുസ്തകത്തിലെ, "കുഞ്ഞാട് യോഗ്യൻ" എന്ന പാഠം നോക്കുക. [37]അത് അപ്പൊസ്തലന്മാർക്ക് കൊടുത്ത വാഗ്ദാനമായിരുന്നു; അത് ഒരുപക്ഷെ അവരുടെ ഉപദേശങ്ങളും എഴുത്തുകളും മുഖാന്തരമുള്ള "വിധിക്കൽ"

ആയിരിക്കാം. [38]അവർ 2 പത്രൊസ് 2:4-ൽ പറഞ്ഞ പാപം ചെയ്ത ദൂതന്മാരായിരിക്കാം. [39]വേദഭാഗത്തിലെ സാധ്യതയുള്ള ഊന്നൽ, നാം ക്രിസ്തുവിനോടുകൂടെ വാഴുമ്പോൾ, അവന്റെ ന്യായവിധിയിലും പങ്കുകാരാകുന്നു എന്നതാണ് - നാം അത് വ്യക്തിപരമായിട്ടല്ല, പിന്നെയോ അവൻ മുഖാന്തരമാണ്. [40]തുടർന്ന് വരുന്ന ന്യായവിധി രംഗത്ത്, എല്ലാവരുടേയും വിധി നിർണ്ണയിക്കുന്നത് (20:11) ഒരേ *ഒരു* ന്യായാധിപനാണ്.

[41]"അവർ ജീവിച്ചു" എന്നാണ് മൂലഗ്രന്ഥത്തിൽ അക്ഷരികമായി (കെജെവിയും ഏഎസ്വിയും നോക്കുക). [42]"സിംഹാസനത്തിൽ ഇരിക്കുന്നു" എന്ന ബൈബിൾ വാക്ക് വാഴുന്നതിനെ ആണ് സൂചിപ്പിക്കുന്നത് (മത്തായി 22:44; 25:31). [43]"ഇത് ഒന്നാമത്തെ പുനരുത്ഥാനം" എന്നത് ദ്വയാർത്ഥ വാചകമാണ്. കാരണം വേദഭാഗം "അത്" എന്താണെന്ന് വ്യക്തമാക്കുന്നില്ല. (തൊട്ടടുത്തുള്ള വാക്യത്തിലും അത് പറയുന്നില്ല.) വാക്യം 4 ന്റെ അവസാന ഭാഗത്തിലേക്കാണ് ഞാൻ അത് എടുത്തിരിക്കുന്നത്:: "അവർ ജീവിച്ചിരുന്ന് വാണു ..." ചിലർ അത് യേശുവിന്റെ ഉയർപ്പിനെ കുറിച്ചു പറയുന്നു എന്നാണ് ധരിച്ചിരിക്കുന്നത് (1 കൊരിന്ത്യർ 15:20 ലെ "ആദ്യഫലം"). അത് നമ്മുടെ ഉയർപ്പിനെ കുറിച്ച് പറയുന്നില്ല. ക്രിസ്ത്യാനിത്വത്തിന്റെ ജയമാണ് "ഒന്നാമത്തെ പുനരുത്ഥാനമെന്നാണ്" വെളിപ്പാടിനെ കർശനമായ പ്രിട്ടെരിസ്റ്റ് കാഴ്ച്ചപ്പാടിൽ നോക്കുന്നവർ വിശ്വസിക്കുന്നത്, പ്രത്യേകിച്ച് റോമാ സാമ്രാജ്യത്തിന്മേലുള്ള ജയം. (അവർ എടുത്തു കാണിക്കുന്നത് കോൺസ്റ്റന്റൈന്റെ കല്പനയാണ്, അതാണ് ക്രിസ്ത്യാനിത്വത്തെ "നിയമപരമായ" മതമാക്കിയത്.) അവർ അദ്ധ്യായം 11 ലെ രണ്ട് സാക്ഷികളുടെ ഉയർപ്പ് സമാനമായി എടുത്ത് അവരുടെ വിശ്വാസം ഇല്ലാതായില്ല എന്നു പറയുന്നു. [44]ഉദാഹരണത്തിന്, വാക്യം 4-ൽ യോഹന്നാൻ രക്തസാക്ഷികളെ മാത്രമാണ് കണ്ടതെങ്കിൽ, "മരിച്ചവരിൽ ശേഷമുള്ളവർ" എന്നു പറയുന്നത് ക്രിസ്തുവിൽ വിശ്വസ്തരായി ജീവിച്ച് "സ്വാഭാവികമായി" മരിച്ചവരാണെന്ന് പറയേണ്ടിവരും. അങ്ങനെ വരുമ്പോൾ "ജീവിക്കുകയും, വാഴുകയും, ന്യായം വിധിക്കുകയും" ചെയ്യുന്ന പ്രത്യേക അനുഗ്രഹങ്ങൾ രക്തസാക്ഷികൾക്ക് മാത്രമാണെന്ന് കരുതേണ്ടി വരും. എങ്ങനെയായാലും, പാഠത്തിൽ നാം ഊന്നി പറഞ്ഞതുപോലെ "ജീവൻ" പൊതുവിൽ എല്ലാ ക്രിസ്ത്യാനികൾക്കുമാണ് വാഗ്ദാനം ചെയ്തിരിക്കുന്നത്. അപ്പോൾ പിന്നെ "മരിച്ചവരിൽ ശേഷമുള്ളവർ" കർത്താവിന്നു പുറത്തു മരിച്ചവരാണെന്ന് പറയുകയാവും ഉത്തമം. [45]ചില തർജിമകളിൽ "വീണ്ടും" എന്ന വാക്ക് ചേർത്തിരിക്കുന്നത് കൂടുതൽ പരിഭ്രാന്തി സൃഷ്ടിച്ചിരിക്കയാണ് - പക്ഷെ "വീണ്ടും" എന്ന വാക്ക് ഗ്രീക്ക് പുസ്തകത്തിലില്ല. വാക്യം 5-ൽ കെജെവി "ലിവ്ഡ് നോട്ട്" എന്നാണ്. എന്നാൽ നിർഭാഗ്യവശാൽ "വീണ്ടും" എന്ന വാക്ക് ചേർത്തിരിക്കുന്നു. [46]ഈ പാഠത്തിലെ കുറിപ്പ് 39 നോക്കുക. [47]വാക്യം 5 ന്റെ സൂചന എന്തെന്നാൽ, ആയിരം ആണ്ട് കഴിയുമ്പോൾ, "മരിച്ചവരിൽ ശേഷമുള്ളവർ" "ജീവിതത്തി*ലേക്ക്* വന്നു" അല്ലെങ്കിൽ "ജീവിച്ചു" ക്രിസ്തു മടങ്ങിവരുമ്പോൾ, ദുഷ്ടന്മാർ മരിച്ചവരിൽനിന്നെഴുന്നേൽക്കും. അവർ ന്യായവിധിക്കായി ദൈവമുൻപാകെ നിൽക്കുകയും, പിന്നെ "രണ്ടാം മരണത്തിന് ഏൽപിക്കുകയും ചെയ്യും" (20:14). അവരുടെ "ജീവിത" കാലയളവ് - അങ്ങനെ വിളിക്കാമെങ്കിൽ - അത് വളരെ ചുരുക്കമാണ്. [48]ഇതിനെ കുറിച്ച് ഞാൻ കൂടുതലായി അടുത്ത പാഠത്തിൽ പറയാം. [49]ഈ പുസ്തകത്തിൽ പിന്നീട് വരുന്ന "ന്യായവിധിയെ കുറിച്ച് നിങ്ങൾ അറിഞ്ഞിരിക്കേണ്ട അഞ്ചു വസ്തുതകൾ" എന്ന പാഠം നോക്കുക. [50]ഇത് നിങ്ങൾ ഒരു പ്രസംഗമായി അവതരിപ്പിക്കുകയാണെങ്കിൽ, എങ്ങനെ ക്രിസ്ത്യാനിയാകാമെന്ന് സദസ്യരോട് പറയുക (മർക്കൊസ് 16:15, 16; പ്രവൃത്തികൾ 2:37, 38) ദൈവമക്കളായിട്ട് തെറ്റിപ്പോയവർക്ക് എങ്ങനെ യഥാസ്ഥാനപ്പെടാമെന്നും പറയുക (പ്രവൃത്തികൾ 8:22; യാക്കൊബ് 5:16).

[51]തോമസ് എഫ്. ടൊറാൻസ്, *ദ അപോകാലിപ്സ് ടുഡേ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1959), 132–41.

---

## ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. 20:1–3 നും 20:4–6 നും ഇടക്ക് എന്ത് അന്തരമാണുള്ളത്? പാഠമനുസരി ച്ച് വാക്യം 1 മുതൽ 6 വരെ അടിസ്ഥാനസന്ദേശം എന്താണ്?
2. "മില്ലെനിയം" എന്ന വാക്കിന്റെ അർത്ഥമെന്ത്? "പ്രീമില്ലെനിയം," "പ്രോമില്ലെനിയം," "എമില്ലെനിയം" എന്നീ വാക്കുകളുടെ അർത്ഥം എന്ത്? അവ താരതമ്യം ചെയ്ത് അന്തരം വ്യക്തമാക്കുക.
3. *വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "നന്നായി തുടങ്ങുന്നത് പകുതി ചെയ്തതാണ്" എന്ന പാഠത്തിലെ.: മിക്ക പ്രിമില്ലെനി യലിസ്റ്റുകളുടേയും ഉപദേശങ്ങൾ അവലോകനം ചെയ്യുക. അവരുടെ ഉപദേശങ്ങളിലെ ചില ബലഹീനതകൾ ഏവ?
4. വെളിപ്പാട് 20 നെ കുറിച്ചുള്ള പ്രിമില്ലെനിയലിസ്റ്റുകളുടെ പ്രത്യേക ഉപദേശ ബലഹീനതകൾ മൂന്നാണ്. അതിൽ ആദ്യത്തേത് ഏതാണ്?
5. നൽകിയ രണ്ടാമത്തെ ബലഹീനത എന്ത്? വെളിപ്പാട് 20–ൽ ഇല്ലാത്തതും പ്രിമില്ലെനിയലിസ്റ്റുകൾ നിരത്തുന്നതുമായ മുഖ്യമായ ചില ഉപദേശങ്ങൾ ഏവ.
6. പാഠത്തിൽ നൽകിയ പ്രിമില്ലെനിയലിസ്റ്റുകാരുടെ മൂന്നാമത്തെ ബലഹീനത എന്ത്? സിദ്ധാന്തങ്ങൾ തിരുവെഴുത്തിലെ വ്യക്തമായ ഉപദേശങ്ങൾക്ക് വിരുദ്ധമാകുമ്പോൾ നാം ഏതാണ് സ്വീകരിക്കേണ്ടത്?
7. ക്രിസ്തു ഇപ്പോൾ ഭരിക്കുന്നതായി പുതിയ നിയമം പഠിപ്പിക്കുന്നുണ്ടോ?
8. ക്രിസ്തുവിന്റെ രാജ്യം ഇപ്പോൾ നിലനിൽക്കുന്നു എന്ന് പുതിയ നിയമം പഠിപ്പിക്കുന്നുണ്ടോ?
9. ഒന്നിലധികം ഉയർത്തെഴുന്നേൽപ് ഉണ്ടെന്ന് പുതിയനിയമം പഠിപ്പിക്കുന്നുണ്ടോ?
10. രക്തസാക്ഷികളും (മറ്റു വിശ്വസ്തരായി മരിച്ചവരും) ജീവിക്കുകയും ക്രിസ്തുവിനോടുകുടെ വാഴുകയും, ന്യായംവിധിക്കുകയും, പുരോഹിതന്മാരായി സേവിക്കുകയും ചെയ്യുമെന്ന് 20:4–6 പഠിപ്പിക്കുന്നു. ആ വാഗ്ദാനങ്ങൾ രക്തസാക്ഷികൾക്ക് മാത്രമുള്ളതാണോ അതോ എല്ലാ ക്രിസ്ത്യാനികൾക്കുമുള്ളതാണോ? അപ്പോൾ, പിന്നെ ആ അനുഗ്രഹങ്ങൾ രക്തസാക്ഷികൾക്ക് ഊന്നി പറഞ്ഞിരിക്കുന്നത് എന്തിനാണ്?
11. "ഒന്നാമത്തെ പുനരുത്ഥാനം" എന്ന പദപ്രയോഗത്തിന്റെ അർത്ഥവും പ്രാധാന്യവും ചർച്ച ചെയ്യുക.
12. ലോകത്തിനില്ലാത്ത *ജീവിതം* ക്രിസ്ത്യാനികൾക്ക് പ്രത്യേകമായുള്ളത് ഏത് വിധത്തിലാണ്? ഏത് പൊതുവായ രീതിയിലാണ് ക്രിസ്ത്യാനികൾ വാഴുന്നത്? ഏത് പൊതുവായ അർത്ഥത്തിലാണ് ക്രിസ്ത്യാനികൾ ലോകത്തെ ന്യായം വിധിക്കുന്നത്?
13. ഏതർത്ഥത്തിലാണ് 20:4–6 *നിങ്ങൾക്ക്* ആശ്വാസം പകരുന്നത്?